# മർകസ് ജേർണൽ

markaz
shaping a culture




## അബുദാബി
**ഫോറം ഫോർ പീസ് സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ കാന്തപുരം ഇന്ത്യൻ പ്രതിനിധി**

## വലൻഷ്യ ഗലേറിയ
**കോഴിക്കോടിന്റെ വാണിജ്യ പൈതൃകത്തിനൊരു അന്താരാഷ്ട്ര കേന്ദ്രം**

## പുത്തുമലയിൽ
**അറുപത് കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതിയൊരുക്കി മർകസ്**


journal@markaz.in
www.markaz.in

2021
നവംബർ - ഡിസംബർ
വാല്യം 3 / ലക്കം 6

markaz
shaping a culture

# മർകസുമായി അക്കാദമിക സഹകരണമുള്ള യൂണിവേഴ്സിറ്റികൾ

| | | | |
|---|---|---|---|
| **Al Azhar University** Cairo, Egypt | **IIUM** Malaysia | **Darul Mustafa University** Yemen | **MANUU** Hyderabad, India |
| **Ain Shams University** Cairo, Eygpt | **Al Qasmia University** Sharjah, UAE | **Fatih Sultan Mehmet** Vakif University, Turkey | **University of al-Qarawiyyin** Fez , Morocco |
| **Aligarh Muslim University** Aligarh, India | **Jamia Millia Islamia** New Delhi, India | **Jamia Hamdard** New Delhi, India | **University of Ez-zaitouna** Tunisia |
| **Universiti Kebangsaan** Malaysia | **Uskudar University** Turkey | **IMU** Kyrgystan | **Majlis Ta'lim Darul Murtadza** Kaula Lumpur |


# മർകസ് ജേർണൽ

**മർകസ് സ്ഥാപനങ്ങളിലെ വാർത്തകൾ ഉൾകൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന മലയാളം ദ്വൈമാസിക**

**വാള്യം 3 / ലക്കം 6 / നവംബർ – ഡിസംബർ 2021**

മർകസ് അക്കാദമിക് ഡയറക്ടറേറ്റിന്റെ സഹകരണത്തോടെ മർകസ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കുന്ന പ്രസിദ്ധീകരണം.



**ജാമിഅ മർകസ്, കാരന്തൂർ പി.ഒ, കോഴിക്കോട്, കേരള 673571**

നമ്പർ: +91 9072 500 404 ഇമെയിൽ: journal@markaz.in



| | | |
|---|---|---|
| ചീഫ് പാട്രൺ | : | **സി. മുഹമ്മദ് ഫൈസി** |
| സ്ട്രാറ്റജിക് അഡ്വൈസർ | : | **ഡോ. അബ്ദുൽ ഹകീം അസ്ഹരി** |
| കൺസൾട്ടേഷൻ | : | **ഡോ. ഹുസ്സൈൻ സഖാഫി ചുള്ളിക്കോട്** |
| പബ്ലിഷർ | : | **ഉനൈസ് മുഹമ്മദ് കൽപകഞ്ചേരി** |
| എഡിറ്റോറിയൽ ഡയറക്ടർ | : | **പ്രൊഫ. കെ.വി ഉമർ ഫാറൂഖ്** |
| മാനേജിംഗ് എഡിറ്റർ | : | **അക്ബർ ബാദുഷ സഖാഫി** |
| എക്സിക്യൂട്ടീവ് എഡിറ്റർ | : | **സുഹൈൽ ഹുസ്സൈൻ നൂറാനി** |
| കോൺട്രിബ്യൂട്ടിംഗ് എഡിറ്റർ | : | **നാസർ കുന്നുമ്മൽ** |
| കണ്ടന്റ് എഡിറ്റർ | : | **ജോതിഷ് കെ.വി** |
| ന്യൂ മീഡിയ എഡിറ്റർ | : | **ഇർഫാൻ അരിമ്പ്ര** |
| ക്രിയേറ്റീവ് സപ്പോർട്ട് | : | **നൗഫൽ കെ.വി** |
| ഫോട്ടോസ് | : | **ടീം മർകസ് മീഡിയ** |

# ചാൻസലർ ടോക്ക്



പുതു വർഷത്തിലാണ് നമ്മൾ. പ്രത്യാശയും പുത്തൻ പ്രതീക്ഷകളുമായി മുന്നോട്ട് കുതിക്കുക തന്നെയാണ് മർകസ്. പ്രതിസന്ധികളുടെ വർഷമാണ് കടന്നു പോയത്. കോവിഡ് എന്ന മഹാമാരി കഴിഞ്ഞ രണ്ടു വർഷം ലോകത്തെയാകെ പിടിച്ചു നിർത്തി. ജനജീവിതം സ്തംഭിപ്പിച്ച ലോക്ക്ഡൗൺ പല തവണ നാം അഭിമുഖകരിച്ചു. വൈജ്ഞാനിക, തൊഴിൽ മേഖലയെയും സാരമായി ബാധിച്ചു. ആത്മീയ മുന്നേറ്റത്തിലും വൈതരണികളുണ്ടായി. ഇവിടങ്ങളിലാണല്ലോ മർകസിന്റെ പ്രധാന ശ്രദ്ധ. പ്രയാണ വീഥിയിൽ വെല്ലുവിളികൾ മർകസിനുണ്ടായിട്ടുണ്ട്. തീയിൽ മുളച്ചത് വെയിലത്തു വാടില്ലല്ലോ. അതു കൊണ്ടു തന്നെ എല്ലാം അതിജയിക്കുവാൻ മർകസിനു കഴിഞ്ഞു. സർവ്വ ശക്തനായ അല്ലാഹുവിന് ഒരായിരം സ്തുതി ഗീതങ്ങൾ. അറിവിന്റെ വ്യാപനത്തിന് ഓൺലൈൻ ക്ലാസുകളും തൊഴിൽ മേഖലയിൽ വർക്ക് ഫ്രം ഹോംമും നടപ്പാക്കി. അത്യാധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് ആത്മീയ സദസ്സുകളും സജീവമാക്കി.

43ാം വാർഷിക സമ്മേളനം വിപുലമായി നടത്താൻ നമുക്ക് കഴിഞ്ഞില്ലെങ്കിലും പ്രഖ്യാപിച്ച പല പദ്ധതികളും പൂർത്തിയാക്കാനായി. മർകസ് നോളജ് സിറ്റിയുടെയും സ്വപ്ന പദ്ധതിയായ കൾച്ചറൽ സെന്ററിന്റെയും പൂർത്തീകരണത്തിനായി മർകസ് നിധി വൻവിജയമാക്കാൻ സാധിച്ചു. നേതൃത്വം നൽകിയ സംഘടനാ ഘടകങ്ങൾക്കും വിദ്യാർത്ഥികൾ, അലുംനികൾ തുടങ്ങി മർകസിനെ ജീവന് തുല്യം സ്നേഹിക്കുന്ന പ്രവർത്തകർക്കും എത്ര നന്ദി അർപ്പിച്ചാലും മതിയാകില്ല. കൾച്ചറൽ സെന്റർ അടക്കമുള്ള മർകസ് നോളജ് സിറ്റിയിലെ വിവിധ സംരംഭങ്ങൾ പൂർത്തിയാവുകയാണ്.

പഠനം, കരിയർ മേഖലകളിൽ പുതിയ പ്രവണതകൾ ഉൾക്കൊണ്ട് മുന്നോട്ട് പോകേണ്ടതുണ്ട്. പ്രതിസന്ധികളിൽ നിന്ന് പുറകോട്ടടിക്കുന്നതല്ല മർകസിന്റെ പാരമ്പര്യം. അതിൽ നിന്നെല്ലാം പാഠമുൾക്കൊണ്ട് വെല്ലുവിളികൾ ഏറ്റെടുക്കുകയാണ്. ഓരോ പ്രതിസന്ധിയിലും പുതിയ അവസരങ്ങളുണ്ട്. അവ ഉപയോഗപ്പെടുത്തുകയാണ് ബുദ്ധി. ഓൺലൈൻ, ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ പുത്തൻ സാങ്കേതികത കൂടുതൽ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. ഒമിക്രോൺ തുടങ്ങിയ പുതിയ ഭീഷണികൾ മുൻകൂട്ടി കണ്ടുള്ള പദ്ധതികളാണ് മർകസ് മുന്നോട്ട് വെക്കുന്നത്. എല്ലാവരുടെയും പിന്തുണയും കരുത്തുമാണ് പിൻബലം. അല്ലാഹു തുണക്കട്ടെ, ആമീൻ.

കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ
ചാൻസലർ, ജാമിഅ മർകസ്

# ലോക സമാധാനത്തിന് മാനവിക മൂല്യങ്ങളെ സംരക്ഷിക്കുകയും മതസ്വാതന്ത്ര്യം ഉറപ്പാക്കുകയും വേണം: കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ



അബുദാബി: മാനവിക മൂല്യങ്ങളെ സംരക്ഷിക്കുകയും മതസ്വാതന്ത്ര്യം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെയാണ് ലോകത്ത് സമാധാനം സൃഷ്ടിക്കാനാകുന്നതെന്ന് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. വിഭിന്നമായ ആശയങ്ങളെയും സംസ്കാരങ്ങളെയും ഉൾക്കൊള്ളുകയും വ്യത്യസ്ത മത വിഭാഗങ്ങളുടെ സ്വാതന്ത്ര്യം ഉറപ്പു വരുത്തുകയും ചെയ്യുന്നത് സമകാലിക സാഹചര്യത്തിൽ സമൂഹങ്ങൾക്കിടയിൽ സമാധാനം ഉണ്ടാകാൻ അനിവാര്യമാണ്. അബുദാബിയിൽ നടന്ന ഫോറം ഫോർ പ്രമോട്ടിങ് പീസ് ഇൻ മുസ്‌ലിം സൊസൈറ്റിയുടെ എട്ടാമത് രാജ്യാന്തര സമ്മേളനത്തിൽ 'പരസ്പര സഹവർത്തിത്വത്തിലൂടെ ഒരുമയിലേക്ക് എന്ന പ്രമേയത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

ഓരോ രാജ്യങ്ങളും തങ്ങളുടെ ജനതക്ക് അവകാശപ്പെട്ട സ്വാതന്ത്യം വക വെച്ച് കൊടുക്കാൻ തയ്യാറാകണം. ന്യൂനപക്ഷ സമൂഹങ്ങളെ ഭൂരിപക്ഷം ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന രീതി രാജ്യത്തിന്റെ കെട്ടുറപ്പിനും മാനവിക മൂല്യങ്ങൾക്കും ചേർന്നതല്ല. ഇസ്‌ലാം സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമാണ് ലോകത്തിന് കൈമാറിയിട്ടുള്ളത്. മറ്റുള്ള സംസ്കാരങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും ബഹുമാനിക്കാനും സഹവർത്തിത്വത്തിൽ കഴിയാനുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വിഭിന്നമായ ആശയങ്ങളെ ഉൾക്കൊള്ളാനും പരിഗണിക്കാനും കഴിയുന്നതിലാണ് മാനവികത പുലരുന്നത്. ഈ ആശയം മുഹമ്മദ് നബി (സ) യുടെ മദീനയിൽ നടപ്പിലാക്കിയ നാഗരികതയിൽ നിന്ന് മനസ്സിലാക്കാനാകും; അദ്ദേഹം പറഞ്ഞു. സമ്മേളനത്തിന്റെ സമാപന ദിവസത്തെ ആദ്യ സെഷനിലായിയിരുന്നു കാന്തപുരം പ്രബന്ധം അവതരിപ്പിച്ചത്. ഡിസംബർ 5,6,7 തിയ്യതികളിൽ നടന്ന സമ്മേളനത്തിൽ 50 ഓളം രാജ്യങ്ങളിൽ നിന്നുള്ള ഇരുന്നൂറ് പ്രതിനിധികൾ പങ്കെടുത്തു. യു.എ.ഇ വിദേശകാര്യ രാജ്യാന്തര സഹകരണ മന്ത്രി ഷെയ്ഖ് അബ്ദുള്ള ബിൻ സായിദ് അൽ നഹ്‌യാൻ, യുഎഇ ഫത്‌വ കൗൺസിൽ മേധാവി ഷെയ്ഖ് അബ്ദുള്ള ബിൻ ബയ്യ എന്നിവരാണ് കോൺഫറൻസിന് നേതൃത്വം നൽകിയത്.

**പ്രസംഗത്തിന്റെ വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക**

## ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർക്ക്

# സമാധാന പുരസ്കാരം

അബൂദബി | ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർക്ക് സമാധാനത്തിനുള്ള പുരസ്കാരം ലഭിച്ചു. ഫോറം ഫോർ പ്രൊമോട്ടിങ് പീസ് ഇൻ മുസ്‌ലിം സൊസൈറ്റീസ് അബുദബിയിൽ നടത്തിയ എട്ടാമത് അന്താരാഷ്ട്ര സമ്മേളനത്തിൽ ഫോറം ചെയർമാനും സമ്മേളനത്തിന്റെ മുഖ്യ കാര്യദർശിയുമായ ശൈഖ് അബ്ദുള്ള ബിൻ ബയ്യയാണ് സൊസൈറ്റിയുടെ സമാധാന പുരസ്കാരം കാന്തപുരത്തിന് സമ്മാനിച്ചത്.



# ചതുർദിന സന്ദർശനത്തിനായി കാന്തപുരം സുഡാനിലെത്തി



കോഴിക്കോട്: ചതുർദിന സന്ദർശനത്തിനായി ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ സുഡാനിലെത്തി. രാജ്യത്തെ മതകാര്യ കാര്യങ്ങൾക്ക് നേതൃത്വം നൽകുകയും രാജ്യത്തുടനീളം നിയമപഠനങ്ങളിലും ശാസ്ത്ര ഗവേഷണ രംഗങ്ങളിലും സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്ന മജ്മഉ ഫിഖ്ഹിൽ ഇസ്‌ലാമിയ തലസ്ഥാനമായ ഖാർത്തൂമിൽ സംഘടിപ്പിക്കുന്ന മീലാദ് പരിപാടിയിലാണ് കാന്തപുരം പങ്കെടുക്കുക. നാലു ദിവസം നീണ്ടു നിൽക്കുന്ന സന്ദർശനത്തിൽ വിവിധ മത സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ലോകമെമ്പാടുമുള്ള മീലാദ് ആഘോഷങ്ങളിൽ പ്രസിദ്ധമാണ് സുഡാനിലെ വിപുലമായ പരിപാടികൾ.

# വലൻഷ്യ ഗലേറിയ; കോഴിക്കോടിന്റെ വാണിജ്യ പൈതൃകത്തിനൊരു അന്താരാഷ്ട്ര കേന്ദ്രം മർകസ് നോളജ് സിറ്റിയിൽ ഉദ്ഘാടനം ചെയ്തു





കോഴിക്കോട്: പൗരാണിക കാലം മുതൽ മുപ്പത്തി രണ്ടോളം ലോക രാഷ്ട്രങ്ങളുമായി വാണിജ്യ ബന്ധം പുലർത്തിയിരുന്ന കോഴിക്കോടിന്റെ പൈതൃകം കാത്ത് സൂക്ഷിക്കാൻ ഒരു അന്താരാഷ്ട്ര കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നു. മർകസ് നോളേജ് സിറ്റിയിൽ ആരംഭിച്ച വലൻഷ്യ ഗലേറിയയാണ് കേരളത്തിന്റെ അന്താരാഷ്ട്ര വാണിജ്യ കേന്ദ്രമായി മാറാനൊരുങ്ങുന്നത്. സാമൂതിരിയുടെ കാലത്ത് സജീവമായിരുന്ന ആഗോള വിപണന കേന്ദ്രമായിരുന്നു കോഴിക്കോട്. പല രാജ്യങ്ങളിൽ നിന്ന് വരുന്ന കച്ചവട ചരക്കുകൾ അണിനിരത്തുകയും വിവിധ രാഷ്ട്രങ്ങളിലെ കച്ചവടക്കാർ ഒരുമിച്ചു കൂടുകയും സജീവമായ ക്രയ വിക്രയങ്ങൾ നടക്കുകയും ചെയ്ത സ്ഥലമാണ് കോഴിക്കോട് കടപ്പുറവും പ്രധാന അങ്ങാടികളും. ഈ പൈതൃകത്തിന് പുതുമ നൽകി കൊണ്ട് വിവിധ രാജ്യങ്ങളിലെ സംരംഭകർക്കും കച്ചവടക്കാർക്കും സമ്മേളിക്കുന്നതിനും തങ്ങളുടെ കഴിവുകളും ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ ഉപയുക്തമാക്കുകയും ചെയ്യുന്നതിനുള്ള വിപുലമായ സംവിധാനമാണ് ഇതോടെ നോളേജ് സിറ്റിയിൽ യാഥാർഥ്യമാകുന്നത്. ബൂ അബ്ദുള്ള ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ ബൂ അബ്ദുല്ല നോളേജ് സിറ്റിയിൽ വലൻഷ്യ ഗലേറിയ ഉത്ഘാടനം ചെയ്തു. താഴികക്കുടത്തിന്റെ ആകൃതിയിലുള്ള നിർമ്മിതിക്ക് ഏറെ സവിഷേതകളുണ്ട്. ആയിരത്തി അഞ്ഞൂറ് പേർക്ക് ഒന്നിച്ചിരിക്കാനും പരിപാടികൾ സംഘടിപ്പിക്കാനുമുള്ള സംവിധാനമുണ്ട്. വിശാലമായ ഭക്ഷണ ഹാൾ, മിനി ഹാൾ, പാർക്കിങ് സൗകര്യം തുടങ്ങി അന്താരാഷ്ട്ര വാണിജ്യ രംഗത്തെ വിപുലമായ മീറ്റിംഗുകൾക്കും സമ്മേളനങ്ങൾക്കും യോജിച്ച സംവിധാനങ്ങളും വലൻഷ്യ ഗലേറിയയിൽ ഒരുക്കിയിട്ടുണ്ട്.

ഉദ്ഘാടന ചടങ്ങിൽ മർകസ് പ്രസിഡൻറ് സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർത്ഥന നിർവ്വഹിച്ചു. മർകസ് നോളേജ് സിറ്റി ചെയർമാൻ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ അധ്യക്ഷ പ്രസംഗം നടത്തി. ഇന്ത്യയിലെ മലേഷ്യൻ ഹൈ കമ്മീഷണർ ഹിദായത് ബിൻ അബ്ദുൽ ഹാമിദ്, ബ്രൂണൈ ദാറുസ്സലാം ഹൈ കമ്മീഷണർ അലൈഹുദ്ധീൻ മുഹമ്മദ് താഹ ഹാമിദ്, ലിബിയ എംബസി ചാർജ് ഡി അഫയർ അഹ്മദ് എച്ച്.എം ഗബ്രിയേൽ എന്നിവർ മുഖ്യാതിഥികളായിരുന്നു. നോളേജ് സിറ്റി മാനേജിങ് ഡയറക്ടർ ഡോ അബ്ദുൽ ഹക്കിം അസ്ഹരി സ്വാഗതം പറഞ്ഞു. നോളേജ് സിറ്റി സി ഇ ഒ ഡോ. അബ്ദുൽ സലാം നോളേജ് സിറ്റിയുടെ ഭാവി പദ്ധതികൾ വിശദീകരിച്ചു. ഹബീബ് കോയ ആമുഖ ഭാഷണം നടത്തി. കോയ കാപ്പാടിന്റെ നേതൃത്വത്തിൽ കലാ പരിപാടികളും ടൈഗ്രീസ് വാലിയുടെ കളരിപ്പയറ്റും നടന്നു. സി എ ഒ അഡ്വ. തൻവീർ ഒമർ നന്ദി പറഞ്ഞു.

# ദുബൈ മർകസിൽ യു എ ഇ ദേശീയ ദിനാഘോഷം നടത്തി



ദുബൈ: മർകസു സ്സഖാഫത്തി സ്സുന്നിയ്യയുടെ ആഭിമുഖ്യത്തിൽ ഐ സി എഫ്, ആർ എസ് സി നേതാക്കൾ, മർകസ് അധ്യാപകർ, ജീവനക്കാർ ചേർന്ന് യു എ ഇ ദേശീയ ദിനം ആഘോഷിച്ചു. എ കെ അബൂബക്കർ മുസ്‌ലിയാർ കട്ടിപ്പാറ, ഡോ. അബ്ദുസ്സലാം സഖാഫി എരഞ്ഞിമാവ് പതാക ഉയർത്തി. ഐ സി എഫ് ജി സി സി സെക്രട്ടറി മമ്പാട് അബ്ദുൽ അസീസ് സഖാഫി ദേശീയ ദിന സന്ദേശം നൽകി. അബ്ദുൽകരീം ഹാജി തളങ്കര, അബ്ദുസ്സലാം സഖാഫി വെള്ളലശ്ശേരി, യഹ്‌യാ സഖാഫി ആലപ്പുഴ, അബ്ദുസലാം കാഞ്ഞിരോട്, നൗഫൽ നൂറാനി മമ്പാട് സംബന്ധിച്ചു. 50 വർഷം പൂർത്തിയാക്കുന്ന
യു എ ഇ, വിദേശി സമൂഹങ്ങളോടു കാണിക്കുന്ന സ്നേഹത്തിനും മമതക്കും ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് വിപുലമായ ആഘോഷ പരിപാടികൾ വരും ദിവസങ്ങളിൽ സംഘടിപ്പിക്കുന്നുണ്ട്.

# ആഗോള ഇസ്‌ലാമിക സമ്മേളനം;
## ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി പ്രബന്ധമവതരിപ്പിച്ചു

ഗർദായ: അൾജീരിയയുടെ ഉന്നത വിദ്യാഭ്യാസശാസ്ത്ര ഗവേഷണ മന്ത്രാലയത്തിന്റെ കീഴിൽ അൾജീരിയയിലെ ഗർദായയിൽ വെച്ച് നടന്ന വേൾഡ് ഇസ്‌ലാമിക് കോൺഫറൻസിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു കൊണ്ട് ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി പ്രബന്ധം അവതരിപ്പിച്ചു. 'ആത്മീയ വിചാരധാരകളും ഇസ്‌ലാമിലെ ജ്ഞാന കൈമാറ്റ രീതിശാസ്ത്രങ്ങളും" എന്ന വിഷയത്തിലാണ് കോൺഫറൻസ് സംഘടിപ്പിക്കപ്പെട്ടത്. മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയറക്ടറും എസ്.വൈ.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയുമായ അസ്ഹരി 'പൗരാണിക ദീനി പാഠ ശാലകളും ആത്മീയ ഗുരുക്കന്മാരുടെ സാമൂഹ്യ ജീവിതവും, അവയെ ശക്തിപ്പടുത്തേ്തിന്റെ അനിവാര്യതയും' എന്ന വിഷയത്തിലാണ് സംസാരിച്ചത്. കേരളത്തിലെ മദ്റസ സംവിധാനവും മതഭൗതിക സമന്വയ വിദ്യാഭ്യാസ രീതികളും സംസാരത്തിന്റെ മുഖ്യ പ്രമേയമായിരുന്നു. ഇറാഖ്, ജോർദാൻ, ഫ്രാൻസ്, ലെബനാൻ, ഈജിപ്ത്, ബ്രസീൽ, ടുണീഷ്യ തുടങ്ങി മുപ്പതോളം രാജ്യങ്ങളിൽ നിന്നുമുള്ള ലോക പ്രശസ്ത പണ്ഡിതർ കോൺഫറൻസിൽ പങ്കെടുത്തു.



കൂടാതെ, അൾജീരിയയിലെ വിഖ്യാതരായ പണ്ഡിതന്മാർ, മന്ത്രിമാർ, യൂണിവേഴ്സിറ്റി ചാൻസലർമാർ, വിദ്യാഭ്യാസ വിചക്ഷണർ തുടങ്ങി മതഭൗതികസാമൂഹിക രംഗത്തുള്ള പ്രമുഖ വ്യക്തിത്വങ്ങളും കോൺഫറൻസിൽ പങ്കാളികളായി.
അൾജീരിയൻ ഭരണകൂടത്തിന്റെ അതിഥിയായി ക്ഷണിക്കപ്പെട്ട അസ്ഹരി, കോൺഫറൻസിനു പുറമെ, അൾജീരിയയിലെ ഖുർആൻ മനപാഠമാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങടക്കം മറ്റു പല മതസാമൂഹിക പരിപാടികളിലും സംബന്ധിച്ചു. അദ്ധ്യാത്മിക രംഗത്തെ കുറിച്ചുള്ള ആലോചനകൾ മനുഷ്യന്റെ നാനോന്മുഖ വ്യവഹാരങ്ങളിൽ മികവ് തെളിയിക്കാൻ സഹായിക്കുമെന്നും രാഷ്ട്രങ്ങളിലെ സാമൂഹ്യ ജീവിതം സുസ്ഥിരമാക്കാൻ വഴിയൊരുക്കുമെന്നും അസ്ഹരി കോൺഫറൻസിൽ അഭിപ്രായപ്പെട്ടു.

# മർകസ് ഒസ്മോയും കാലിക്കറ്റ് എയർപോർട്ട് ടാക്സി യൂണിയനും വീട് നിർമിച്ചു നൽകി



**മർകസ് ഓർഫനേജ് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ഓസ്മോയും കാലിക്കറ്റ് എയർപോർട്ട് ടാക്സി യൂണിയനും സംയുക്തമായി നിർമിച്ച റൈഹാൻ ഭവനത്തിന്റെ ഉദ്ഘാടനം മന്ത്രി അഹ്മദ് ദേവർകോവിൽ നിർവഹിച്ചു.**

മേപ്പാടി: മർകസ് ഓർഫനേജ് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ഓസ്മോയും കാലിക്കറ്റ് എയർപോർട്ട് ടാക്സി യൂണിയനും സംയുക്തമായി നിർമിച്ച റൈഹാൻ ഭവനത്തിന്റെ ഉദ്ഘാടനം മന്ത്രി അഹ്മദ് ദേവർകോവിൽ നിർവഹിച്ചു. സഹപാഠികളുടെ കണ്ണീരൊപ്പാൻ വിദ്യാർത്ഥി യൂണിയനും ടാക്സി യൂണിയനും മുന്നോട്ടുവന്നത് പ്രശംസനീയമാണ്. ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ പുതുതലമുറക്ക് പ്രചോദനമാകും; മന്ത്രി പറഞ്ഞു. മരണപ്പെട്ട അസ്‌ലം രാമനാട്ടുകരയുടെ ഭാര്യയും 2 ആൺകുട്ടികളുമടങ്ങുന്ന കുടുംബത്തിനാണ് വീട് നൽകിയത്.
ചടങ്ങിൽ ഹസ്സൻ മുസ്‌ലിയാർ വയനാട്, ജൗഹർ കുന്നമംഗലം, രഞ്ജിത് കുമാർ രാമനാട്ടുകര, അബ്ദുസ്സമദ് എടവണ്ണപ്പാറ, വഹാബ് വെള്ളമുണ്ട, മുസ്തഫ രാമനാട്ടുകര, സലാം കാപ്പംകൊല്ലി, സമദ് യൂണിവേഴ്സിറ്റി, നൗഫൽ പിലാശ്ശേരി, നഈമുദ്ദീൻ സഖാഫി വെള്ളുവങ്ങാട്, മുജാബ് റഹ്മാൻ കക്കാട്, സലാമുദ്ദീൻ നെല്ലാങ്കണ്ടി, മുഹമ്മദ് അലി സഖാഫി പുറ്റാട്, ഉസ്മാൻ മുസ്‌ലിയാർ പനമരം, സലാഹുദ്ദീൻ സഖാഫി മേപ്പാടി, ടി.പി സലാം മുസ്‌ലിയാർ താഞ്ഞിലോട്, സഈദ് ഇർഫാനി റിപ്പൺ, അബ്ദുൽ ഖാദർ സഖാഫി കുണ്ടായി, സിറാജ് ബാലുശ്ശേരി, സലാം സഖാഫി തറയിട്ടാൽ, ഡോ. ഇർഷാദ് കമ്പളക്കാട്, സുലൈമാൻ ആക്കോട്, സത്താർ താത്തൂർ, രാജൻ രാമനാട്ടുകര, യൂനുസ് ടാണ, കെ.എം അൻവർ സാദിഖ് സംബന്ധിച്ചു.

# ദോഹ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഗ്രാജ്വേറ്റ് സ്റ്റഡീസിൽ പ്രവേശനം നേടി ഹാഫിള് ഉബൈദ് ഇസ്മാഈൽ



ദോഹ: Linguistic and Arabic Lexicography എന്ന വിഷയത്തിൽ ഖത്തറിലെ ദോഹ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഗ്രാജ്വേറ്റ് സ്റ്റഡീസിൽ പ്രവേശനം നേടി മർകസ് പൂർവ്വ വിദ്യാർത്ഥി ഹാഫിള് ഉബൈദ് ഇസ്മാഈൽ. മർകസിൽ നിന്നും ഹിഫ്ള് പഠനം പൂർത്തിയാക്കിയ ഉബൈദ് മർകസ് സാനവിയ്യ പഠനത്തിന് ശേഷം ഷാർജ ഭരണാധികാരി ഹിസ് ഹൈനസ് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന അൽ ഖാസിമിയ്യ യൂണിവേഴ്സിറ്റിയിൽ നിന്നും കുല്ലിയ്യത്തുൽ ആദാബിലാണ് ബിരുദ പഠനം പൂർത്തിയാക്കിയത്. വിവിധ രാഷ്ട്രങ്ങളിൽ നിന്നായി 11 വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഈ ഡിപ്പാർട്ട്മെന്റിലെ ഏക ഇന്ത്യക്കാരനാണ് ഉബൈദ്. 2019ൽ ഷാർജയിൽ നടന്ന അന്താരാഷ്ട്ര ഹദീസ് പാരായണത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. മർകസിൽ വെച്ച് നടന്ന യാത്രയയപ്പിൽ ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ, സി. മുഹമ്മദ് ഫൈസി, ഡോ. അബ്ദുൽ ഹകീം അസ്ഹരി, ഡോ. ഹുസ്സൈൻ സഖാഫി ചുള്ളിക്കോട് അഭിനന്ദിച്ചു. വയനാട് ജില്ലയിലെ കംബ്ലക്കാട് സ്വദേശി ഇസ്മാഈൽ – റംല ദമ്പതികളുടെ മകനാണ്.

## മർകസ് അക്കാദമി ഓഫ് ഖുർആൻ സ്റ്റഡീസ് പഠനാരംഭം ഉദ്ഘാടനം ചെയ്തു



കാരന്തൂർ: മർകസ് അക്കാദമി ഓഫ് ഖുർആൻ സ്റ്റഡീസിൽ 2021 - 22 വർഷത്തെ പഠനാരംഭം മർകസ് ചാൻസലർ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. വിശുദ്ധ ഖുർആൻ കുഞ്ഞുഹൃദയങ്ങൾക്ക് നന്മയുടെ പ്രകാശമാകുമെന്ന് അദ്ദേഹം പറഞ്ഞു. വൃത്തിയും കഠിനാധ്വാനവും ശീലിക്കുകയും അച്ചടക്കമുള്ള പെരുമാറ്റം വളർത്തുകയും ചെയ്താവണം വിദ്യാർത്ഥികൾ പഠിക്കേണ്ട തെന്നും അദ്ദേഹം ഉണർത്തി. പ്രിൻസിപ്പൽ ഹാഫിള് അബൂബക്കർ സഖാഫി പന്നൂർ അധ്യക്ഷത വഹിച്ചു. മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി മുഖ്യപ്രഭാഷണം നിർവഹിച്ചു. മർസൂഖ് സഅദി പാപ്പിനിശ്ശേരി, ഖാരി ബശീർ സഖാഫി എ ആർ നഗർ, ഹാഫിള് അബ്ദുന്നാസർ സഖാഫി, ഹാഫിള് അബ്ദുൽ ഹസീബ് സഖാഫി, ഹാഫിള് ജഅ്ഫർ സഖാഫി, ഹാഫിള് ബുർഹാൻ സഖാഫി സംസാരിച്ചു.

## മരണപ്പെട്ട സഹപാഠിയുടെ കുടുംബത്തിന് വീടൊരുക്കി 2003 ബാച്ചിലെ സഖാഫി കൂട്ടായ്മ




കോഴിക്കോട്: മരണപ്പെട്ട സഹപാഠിയുടെ കുടുംബത്തിന് വീട് നിർമ്മിച്ചു നൽകി മർകസ് സഖാഫി ശൂറ കൂട്ടായ്മ. ഹൃദയാഘാതം മൂലം മരണപ്പെട്ട കർണാടകയിലെ മാടന്നൂർ സ്വദേശി ഉവൈസ് സഖാഫിയുടെ കുടുംബത്തിനാണ് സഹപാഠികളായ 2003 ബാച്ചിലെ സഖാഫികൾ വീട് നിർമ്മിച്ചു നൽകിയത്. പൂർത്തിയായ വീടിന്റെ താക്കോൽദാനം മർകസിൽ വെച്ച് ചാൻസലർ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നിർവ്വഹിച്ചു. ചടങ്ങിൽ സയ്യിദ് സ്വാലിഹ് തുറാബ് തങ്ങൾ, സയ്യിദ് മുഹമ്മദലി ശിഹാബ് തളീക്കര, അലവി സഖാഫി കായലം, മുജീബ് സഖാഫി കോടൂർ, റഷീദ് സഖാഫി മങ്ങാട് പങ്കെടുത്തു.

## മർകസ് ബോയ്സ് ഹൈസ്കൂളിന് ജില്ലാ പഞ്ചായത്തിന്റെ ആദരം

കുന്നമംഗലം: 2021 എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കാരന്തൂർ മർകസ് ബോയ്സ് ഹൈസ്കൂളിനെ ജില്ലാ പഞ്ചായത്ത് ആദരിച്ചു. സ്കൂളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് മെമ്പർ എം ധനീഷ്ലാൽ സ്കൂളിന് ഉപഹാരം സമ്മാനിച്ചു.

പ്രധാനാധ്യാപകൻ പി അബ്ദുന്നാസർ ഉപഹാരം ഏറ്റുവാങ്ങി. സ്കൂൾ പി.ടി.എ പ്രസിഡന്റ് പി അബ്ദുൽ ഖാദർ ഹാജി അധ്യക്ഷനായിരുന്നു. പ്രിൻസിപ്പൽ മുഹ്സിൻ അലി, മർകസ് അക്കാദമിക് എക്സിക്യൂട്ടീവ് ഡയറക്ടർ ഉനൈസ് മുഹമ്മദ്, കെ.പി മുഹമ്മദ് കോയ, പടാളിയിൽ ബഷീർ, നൗഷാദ് വി, ഹബീബ് എം.എം, ഹാശിദ് കെ, റശീദ് പടാളിയിൽ പങ്കെടുത്തു.

## പുത്തുമല പ്രളയ ബാധിതർക്ക് വീടൊരുങ്ങി; അറുപത് കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതിയൊരുക്കി മർകസ്



കൽപ്പറ്റ: പ്രളയം കവർന്ന പുത്തുമലക്കാരുടെ വീടെന്ന സ്വപ്നം യാഥാർഥ്യത്തിലേക്ക്. പുത്തുമലയിൽ 2019ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട 13 കുടുംബങ്ങൾക്ക് കരുതലായി കേരള മുസ്‌ലിം ജമാഅത്ത് നിർമിച്ചു നൽകുന്ന വീടുകളുടെ താക്കോൽ ദാന ചടങ്ങ് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നിർവഹിച്ചു.

പ്രിയപ്പെട്ടവരുടെ ഓർമകൾ ഉറങ്ങുന്ന പുത്തുമലയെ മറക്കാൻ കഴിയില്ലെങ്കിലും ഭയപ്പാടോടെയാണ് ദുരന്തബാധിതർ ഓർക്കുന്നത്. സ്വന്തമെന്ന് കരുതിയിരുന്നതത്രയും നഷ്ടപ്പെട്ടതിന്റെ ദുരന്ത സ്മരണകളുമായി വാടകമുറികളിലും ബന്ധുവീടുകളിലും കഴിയുന്ന പുത്തുമലക്കാരുടെ പുനരധിവാസമാണ് ഇതോടെ പൂർത്തിയാകുന്നത്. 13 വീടുകളിൽ ആറ് വീടുകൾ പുത്തുമല ഹർഷം പദ്ധതിയിലും ഏഴെണ്ണം പുത്തൂർവയൽ, കോട്ടനാട്, കോട്ടത്തറ വയൽ എന്നിവിടങ്ങളിലുമാണ് നിർമിച്ചത്. ഏഴര ലക്ഷം രൂപയാണ് ഒരു വീടിന്റെ നിർമാണ ചെലവ്. ഹർഷം പദ്ധതിയിലൂടെ 52 വീടുകളാണ് പൂത്തക്കൊല്ലിയിൽ വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നിർമിക്കുന്നത്.

വീടുകൾ കൂടാതെ കുടുംബങ്ങൾക്കാവശ്യമായ കുടിവെള്ളവും യാഥാർഥ്യമായിക്കഴിഞ്ഞു. പുത്തുമല ഹർഷം പദ്ധതിയിൽ അറുപത് കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി പത്ത് ലക്ഷം രൂപ ചെലവിൽ നിർമിച്ചു നൽകുന്നത് കാരന്തൂർ മർകസാണ്. 2018, 2019 കാലത്തെ പ്രളയത്തിൽ ദുരിതബാധിതർക്ക് വേണ്ടി സാമ്പത്തിക സഹായം, ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയവ എത്തിച്ചുനൽകുന്നതിൽ കേരള മുസ്‌ലിം ജമാഅത്തും എസ് വൈ എസ് സാന്ത്വനവും മുന്നിൽ നിന്ന് പ്രവർത്തിച്ചിരുന്നു. 2019 ആഗസ്റ്റ് എട്ടിനാണ് പച്ചക്കാട് മലയൊന്നാകെ കുത്തിയൊലിച്ച് പുത്തുമലയിലേക്ക് പതിച്ചത്. ഉരുൾപൊട്ടലിൽ 17 പേർ മരണപ്പെട്ടു. ഇതിൽ അഞ്ച് പേരുടെ മൃതദേഹം ഇനിയും ലഭിച്ചിട്ടില്ല. നിരവധി വീടുകൾ പൂർണമായും ചിലത് ഭാഗികമായും തകർന്നു. ആർത്തലച്ചെത്തിയ മലവെള്ളത്തിനൊപ്പം പ്രദേശത്തെ ജനങ്ങൾ, വീടുകൾ, ആരാധനാലയങ്ങൾ, ക്വാർട്ടേഴ്സുകൾ, വാഹനങ്ങൾ, എസ്റ്റേറ്റ് പാടി, കാന്റീൻ, പോസ്റ്റോഫീസ് തുടങ്ങിയവയെല്ലാം തുടച്ചു നീക്കപ്പെട്ടു.

താക്കോൽ ദാന ചടങ്ങിൽ കേരള ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. എം വി ശ്രേയാംസ്കുമാർ എം പി, അഡ്വ. ടി സിദ്ദീഖ് എം എൽ എ, സമസ്ത ജില്ലാ പ്രസിഡന്റ് പി ഹസൻ മൗലവി ബാഖവി, കേരള മുസ്‌ലിം ജമാഅത്ത് സംസ്ഥാന സെക്രട്ടറി വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ സംബന്ധിച്ചു.

# മർകസ് സാദാത്ത് ഭവൻ പ്രോജക്ട്; വീടുകളുടെ തറക്കല്ലിടൽ നടന്നു

വയനാട് : മർകസ് സാദാത്ത് ഭവൻ **(Eskan)** പദ്ധതിയിലെ വീടുകളുടെ തറക്കല്ലിടൽ നടന്നു. കേരളത്തിലെയും കർണാടകയിലെയും നിർധനരായ 100 അഹ്‌ലു ബൈത്ത് കുടുംബാംഗങ്ങൾക്ക് മദനീയം വാർഷിക സമ്മേളനത്തിൽ പ്രഖ്യാപിച്ച വീടുകളുടെ നിർമാണ പദ്ധതിയായ 'ഇസ്കാൻ' ഭവനങ്ങളുടെ തറക്കല്ലിടലാണ് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നിർവ്വഹിച്ചത്. കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ പ്രഖ്യാപിച്ച പദ്ധതിയിലേക്ക് ഓൺലൈനായി നാനൂറിലധികം അപേക്ഷകളാണ് ലഭിച്ചത്. കേരളത്തിലെ പത്തു ജില്ലകൾക്ക് പുറമെ കർണാടകയിലെ മംഗലാപുരം, കൊടക്, തമിഴ്നാട്ടിലെ നീലഗിരി ജില്ലകളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. മൊത്തം അപേക്ഷകരിൽ നിന്ന് തിരഞ്ഞെടുത്ത ഏറ്റവും അർഹരായ നൂറു പേർക്കാണ് പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചു നൽകുക. വയനാട്ടിലെ വെണ്ണിയോട് നടന്ന പരിപാടിയിൽ ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, സയ്യിദ് ശിഹാബുദ്ധീൻ അഹ്ദൽ മുത്തന്നൂർ, ഹസൻ മുസ്‌ലിയാർ വയനാട്, മദനീയം അബ്ദുൽ ലത്തീഫ് സഖാഫി തുടങ്ങിയവർ സംബന്ധിച്ചു.



# സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസിക്ക് സ്വീകരണം നൽകി




**മർകസ് മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് സയ്യിദ് ശിഹാബുദ്ധീൻ അഹ്ദൽ മുത്തന്നൂർ, മർകസ് സ്റ്റാഫ് അംഗങ്ങളുടെ പ്രതിനിധിയായി അസിസ്റ്റന്റ് ജനറൽ മാനേജർ അഡ്വ മുഹമ്മദ് ശരീഫ് എന്നിവർ ചേർന്ന് സി മുഹമ്മദ് ഫൈസിക്ക് മൊമന്റോ സമ്മാനിച്ചു.**

കോഴിക്കോട്: കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ചെയർമാനായി രണ്ടാമതും തിരഞ്ഞെടുക്കപ്പെട്ട മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസിക്ക് മർകസിൽ സ്വീകരണം നൽകി. മർകസ് മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് സയ്യിദ് ശിഹാബുദ്ധീൻ അഹ്ദൽ മുത്തന്നൂർ, മർകസ് സ്റ്റാഫ് അംഗങ്ങളുടെ പ്രതിനിധിയായി അസിസ്റ്റന്റ് ജനറൽ മാനേജർ അഡ്വ മുഹമ്മദ് ശരീഫ് എന്നിവർ ചേർന്ന് സി മുഹമ്മദ് ഫൈസിക്ക് മൊമന്റോ സമ്മാനിച്ചു. ചടങ്ങിൽ മർകസ് മുദരിസ് കെ കെ അഹ്മദ് കുട്ടി മുസ്‌ലിയാർ കട്ടിപ്പാറ അധ്യക്ഷത വഹിച്ചു. മർകസ് വൈസ് പ്രസിഡന്റ് സയ്യിദ് സൈനുൽ ആബിദീൻ ബാഫഖി പ്രാർത്ഥന നിർവഹിച്ചു. മലപ്പുറം കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ് ചെയർമാൻ യൂസുഫ് ഹാജി, മർകസ് അക്കാദമിക് പ്രോജക്ട് ഡയറക്ടർ പ്രൊഫ . ഉമറുൽ ഫാറൂഖ്, അസിസ്റ്റന്റ് ഫിനാൻസ് മാനേജർ അബൂബക്കർ ഹാജി കിഴക്കോത്ത്, മർകസ് ഹിഫ്ള് കോളേജ് പ്രിൻസിപ്പൽ അബൂബക്കർ സഖാഫി പന്നൂർ
ആശംസകളറിയിച്ചു. എസ് വൈ എസ് സംസ്ഥാന വൈസ് പ്രസിഡന്റ് സയ്യിദ് മുഹമ്മദ് തുറാബ് തങ്ങൾ ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി മറുപടി പ്രസംഗം നടത്തി. അക്കാദമിക് എക്സിക്യൂട്ടീവ് ഡയറക്ടർ ഉനൈസ് മുഹമ്മദ് സ്വാഗതവും മർകസ് ലീഗൽ ഡിപ്പാർട്ട്മെന്റ് അസി മാനേജർ മൂസ ഹാജി എ.കെ നന്ദിയും പറഞ്ഞു. മർകസ് സ്റ്റാഫ് അംഗങ്ങളും വിദ്യാർത്ഥികളും സ്വീകരണ യോഗത്തിൽ പങ്കെടുത്തു.

## മീം പ്രഥമ കവിതാ അവാർഡ് കൽപ്പറ്റ നാരായണന് സമ്മാനിച്ചു





കോഴിക്കോട്: മർകസ് നോളജ് സിറ്റിയിലെ വേൾഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ഇൻ അഡ്വാൻസ്ഡ് സയൻസസ് (വിറാസ്) മീം പ്രഥമ കവിതാ അവാർഡ് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ അവാർഡ് ജേതാവ് കൽപ്പറ്റ നാരായണന് സമ്മാനിച്ചു. 'പ്രവാചകനോട്' എന്ന അദ്ദേഹത്തിന്റെ കവിതക്കാണ് അവാർഡ്.
മുഹമ്മദ് നബി (സ്വ)യുടെ ബാല്യം, യൗവ്വനം, സ്വഭാവ വൈശിഷ്ട്യങ്ങൾ, പലായനം, അധ്യാപനങ്ങൾ, വ്യക്തി ജീവിതം തുടങ്ങി വ്യത്യസ്ത മേഖലകൾ പ്രമേയമാക്കി എഴുതിയ കവിതകളിൽ നിന്ന് തെരഞ്ഞെടുത്ത മികച്ച കവിത ക്കാണ് അവാർഡ് നൽകുന്നത്. അലിഫ് ഗ്ലോബൽ
സ്കൂളാണ് അവാർഡ് സ്പോൺസർ ചെയ്യുന്നത്. 10001 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. പ്രവാചകർ (സ്വ)യുടെ ജീവിതത്തിലെ 'ഉമ്മിയ്യ്' എന്ന സങ്കൽപ്പത്തെ മനോഹരമായി അവതരിപ്പിച്ചതിനാണ് കൽപ്പറ്റ നാരയണൻ അവാർഡിനർഹനായത്.

## മർകസ് സൈത്തൂൻവാലി മീലാദ് മീറ്റും അലുംനി സംഗമവും സംഘടിപ്പിച്ചു.




കാരന്തൂർ: മർകസ് സൈത്തൂൻവാലി മീലാദ് മീറ്റും അലുംനി സംഗമവും മർകസ് സൈത്തൂൻവാലി കാമ്പസിൽ വെച്ച് നടന്നു. മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ മുഖ്യ പ്രഭാഷണം നടത്തി. ബോർഡിംഗ് അലുംനി കമ്മിറ്റി പ്രസിഡന്റ് സിപി ഷാഫി സഖാഫി അധ്യക്ഷത വഹിച്ചു. അലുംനി കൂട്ടായ്മയുടെ ഗുണവശങ്ങൾ ജനറൽ സെക്രട്ടറി സമദ് അസ്നഹ് വിശദീകരിച്ചു.
പൂർവ വിദ്യാർഥികളുടെ കലാ കായിക പരിപാടികൾ പഠന കാല ഓർമ്മകൾ അയവിറക്കും വിധം ആഹ്ലാദകരമായി. സയ്യിദ് സ്വാലിഹ് ശിഹാബ് അൽജിഫ്രി, സയ്യിദ് സ്വാലിഹ് തുറാബ് തങ്ങൾ കല്ലായി, ജൗഹർ കുന്നമംഗലം, ബഷീർ പാലാഴി, അബ്ദുൽ മാലിക് സഖാഫി, ബാദുഷ സഖാഫി, അൻവർ ടി.ടി ചേറൂർ, മുൻ കാല അധ്യാപകർ പ്രസംഗിച്ചു. ഡോ. ഇബ്രാഹിം അഫ്സൽ സ്വാഗതവും മിസ്താഹ് മൂഴിക്കൽ നന്ദിയും പറഞ്ഞു.

# മർകസ് നോളജ് സിറ്റിയിൽ ഐമർ ബിസിനസ് സ്കൂൾ പ്രൊജക്ട് ലോഞ്ചിംഗ് രാഹുൽ ഗാന്ധി നിർവഹിച്ചു




കോഴിക്കോട്: മർകസ് നോളജ് സിറ്റിയിൽ അന്താരാഷ്ട്ര നിലവാരത്തോടെ പ്രവർത്തനമാരംഭിക്കുന്ന ഐമർ ബിനിനസ് സ്കൂളിന്റെ പ്രൊജക്ട് ലോഞ്ചിംഗ് ഉദ്ഘാടനം രാഹുൽ ഗാന്ധി എം.പി നിർവഹിച്ചു. സ്വതത്തെ കുറിച്ചുള്ള ആലോചനകളാണ് അറിവിന്റെ വഴികൾ തുറക്കേണ്ടത്. സാമൂഹിക മൂല്യമുള്ള വിദ്യാർത്ഥി സമൂഹമാണ് രാജ്യം ആവശ്യപ്പെടുന്നത്. അറിവിനോടൊപ്പം വിവേകവും സ്വത്വബോധവും രാജ്യസ്നേഹവും ഒരുമിക്കുമ്പോഴാണ് ശരിയായ വികസനം സാധ്യമാകുന്നതും. കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കാലത്ത് അറിവിനെ കേന്ദ്രീകരിച്ച് നടന്ന അന്വേഷണങ്ങളുടെ ഫലമായി മർകസ് നോളജ് സിറ്റിയെ കാണാൻ കഴിയുന്നു: രാഹുൽ ഗാന്ധി പറഞ്ഞു.

AIMER
AVAAN INSTITUTE OF MANAGEMENT EDUCATION AND RESEARCH

ചടങ്ങിൽ നോളജ് സിറ്റി മാനേജിങ് ഡയറക്ടർ ഡോ.മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ആമുഖ ഭാഷണം നടത്തി. സുസ്ഥിര വികസന നയങ്ങൾക്ക് ശക്തി പകരുന്ന വലിയ പട്ടണമെന്ന നിലയിൽ, രാഹുൽ ഗാന്ധിയെ പോലെ പ്രവർത്തന പരിചയമുള്ള ഒരു നേതാവിന്റെ ഉപദേശ നിർദേശങ്ങൾ സിറ്റിക്ക് സഹായകമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ബിസിനസ്സ് സ്കൂളിന്റെ ഔദ്യോഗിക വെബ്സൈറ്റ് ലോഞ്ച് ചെയ്തു. AICC ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ എം. പി ബ്രോഷർ പ്രകാശനം ചെയ്തു. അടുത്ത ഭാവിയിൽ ലോകം ഉറ്റുനോക്കുന്ന പഠന ഗവേഷണ കേന്ദ്രമായി മർകസ് നോളജ് സിറ്റി മാറുമെന്ന് അദ്ദേഹം പറഞ്ഞു. മർകസ് നോളജ് സിറ്റി സി.ഇ.ഒ ഡോ അബ്ദുൽ സലാം, മർകസ് ജനറൽ മാനേജർ സി. മുഹമ്മദ് ഫൈസി, മർകസ് നോളജ് സിറ്റി സി.എ.ഒ അഡ്വ.തൻവീർ ഒമർ സംസാരിച്ചു.

# മർകസ് ആർട്സ് കോളജിൽ കൗൺസിലിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു

കുന്നമംഗലം: മർകസ് കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ വിദ്യാർത്ഥികൾക്കായി “കൂട്ടിനൊരിടം” കൗൺസിലിംഗ് സെന്റർ കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പർ ധനീഷ് ലാൽ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കിടയിലെ മാനസിക സംഘർഷങ്ങൾ പരിഹരിക്കുന്നതിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും സൈക്കോളജി ഡിപ്പാർട്മെന്റിന് കീഴിൽ ആവിഷ്കരിച്ച പദ്ധതിയാണ് കൂട്ടിനൊരിടം. കോളേജിലെയും സമീപ പ്രദേശങ്ങളിലെയും മാനസികാരോഗ്യ വിദഗ്ധരുടെ സേവനം ഇതുവഴി വിദ്യാർത്ഥികൾക്ക് ലഭ്യമാകും. പരിപാടിയിൽ സൈക്കോളജി ഡിപ്പാർട്ടമെന്റ് ഹെഡ് സഫ്ന എസ് സ്വാഗതം പറഞ്ഞു. പ്രിൻസിപ്പൽ പ്രൊഫ. അബ്ദുൽ ഹമീദ് അധ്യക്ഷത വഹിച്ചു. അസി. പ്രിൻസിപ്പൽ ഫസൽ ഒ ആമുഖ ഭാഷണം നടത്തി. വൈസ് പ്രിൻസിപ്പൽ ഖാദർ സാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശമീർ സഖാഫി, അസി. പ്രൊഫസർ സുഹൈൽ നൂറാനി ആശംസകളറിയിച്ചു. അസി. പ്രൊഫസർ നജ്ല നന്ദി അറിയിച്ചു. യോഗത്തിൽ അധ്യാപകരും വിദ്യാർത്ഥികളും സംബന്ധിച്ചു.

# മർകസ് ബോയ്സ് സ്കൂളിൽ പ്രവേശനോത്സവം സംഘടിപ്പിച്ചു




കുന്നമംഗലം: ദീർഘകാലത്തെ ഇടവേളക്ക് ശേഷം സ്കൂളിലെത്തിയ വിദ്യാർഥികളെ സ്വീകരിച്ച് അധ്യാപകർ. കാരന്തൂർ മർകസ് ബോയ്സ് സ്കൂളിൽ നടന്ന പ്രവേശനോത്സവം ആഘോഷമായി. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും ശുചീകരിക്കുകയും അലങ്കരിക്കുകയും ചെയ്തിരുന്നു. വിദ്യാർഥികളുടെ കലാപരിപാടികൾ, പ്രതിജ്ഞ എന്നിവ നടന്നു. സ്കൂളിൽ നടന്ന പ്രവേശനോത്സവ പരിപാടികൾ ഹെഡ്മാസ്റ്റർ പി അബ്ദുന്നാസർ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് പി അബ്ദുൽ ഖാദർ ഹാജി അധ്യക്ഷത വഹിച്ചു. കെ.പി മുഹമ്മദ് കോയ, എ.പി അബ്ദുല്ല, പി റഷീദ്, ഹബീബ് എം എം പ്രസംഗിച്ചു.

# മർകസ് വിദ്യാർത്ഥികൾ
## ഉന്നത പഠനത്തിന് ഈജിപ്ത് യൂണിവേഴ്സിറ്റിയിൽ

കോഴിക്കോട് : ജാമിഅ മർകസ് വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലെത്തി. മർകസിൽ നിന്നും ഇസ്‌ലാമിക് സയൻസിൽ മികച്ച വിജയം നേടി ബിരുദം കരസ്ഥമാക്കിയ നാലു വിദ്യാർത്ഥികളെയാണ് ഉസൂലുദ്ദീനിലും ശരീഅഃയിലും ബിരുദാനന്തര ബിരുദത്തിനായി അൽ അസ്ഹർ സർവ്വകലാശാല തിരഞ്ഞെടുത്തത്. പഠന കാലയളവിലുടനീളം സ്കോളർഷിപ്പും സ്റ്റൈപ്പന്റുമടക്കമുള്ള ആനുകൂല്യങ്ങളും സർവ്വകലാശാല നൽകും. മർകസ് കുല്ലിയ്യ ശരീഅ വിഭാഗത്തിൽ നിന്ന് അബ്ദു റസാഖ് അബൂബക്കർ, മുഹ്‌യദ്ദീൻ കുട്ടി, റഊഫ് ആക്കലാട്, കുല്ലിയ്യ ഉസൂലുദ്ദീനിലെ നസ്റു റഹ്മാൻ അബൂബക്കർ, ഹിദായത്തുള്ള അബൂബക്കർ എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ. ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ, മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി, മാനേജ്മെന്റ് അഭിനന്ദിച്ചു-

## മർകസ് ആർട്സ് കോളേജിൽ NAAC പ്രവർത്തനങ്ങൾ സജീവം

കാരന്തൂർ: മർകസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ NAAC പ്രവർത്തനങ്ങൾ സജീവം. ഏഴ് സബ് കമ്മിറ്റികളുടെ നേതൃത്വത്തിൽ IQAC ടീമാണ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. കോളേജിന്റെ നിലവാരം കൂടുതൽ ഉയർത്തുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ IQACയുടെ നേതൃത്വത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്നു. പഠന മേഖലയിലും അനുബന്ധ മേഖലയിലും കോളേജിനെ ഉന്നതമാക്കുകയാണ് ലക്ഷ്യം.

വിവിധ കോഴ്സുകൾ പൂർത്തിയാക്കി പുറത്തിറങ്ങുന്നവർക്ക് ജോലി സാധ്യതകൾ ഏറെയുള്ള ആഡ് ഓൺ സർട്ടിഫിക്കറ്റ് കോഴ്സുകൾ നൽകുന്ന പദ്ധതി വിവിധ പഠന വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിച്ചു. വിദ്യാർഥികളും സമൂഹവുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് വേണ്ടിയുള്ള ബഹുമുഖ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

പ്രകൃതിയോടിണങ്ങി ജീവിക്കാനും പ്രകൃതി ചൂഷണങ്ങളെ പ്രതിരോധിക്കാനും വിദ്യാർഥികളെ പ്രാപ്തമാക്കുന്നതിന് വേണ്ടി പച്ചപ്പ് എന്ന പേരിൽ നാച്വർ ക്ലബ് കോളേജിൽ പ്രവർത്തിക്കുന്നു. ബിരുദ ബിരുദാനന്തരം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർഥികൾക്ക് കരിയർ സാധ്യതകൾ അറിയുന്നതിനും ജോലിക്കാവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും വേണ്ടി ഹൈ ഫ്ളയർ എന്ന തലക്കെട്ടിൽ കരിയർ ക്ലബും കോളേജിൽ പ്രവർത്തിക്കുന്നു. വിദ്യാർഥികളിൽ ലീഡർഷിപ്പ് ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസുകളിൽ നിന്ന് പ്രതിനിധികളെ ഉൾകൊള്ളിച്ച് സ്റ്റുഡൻസ് ലീഡേഴ്സിനെ തിരഞ്ഞെടുക്കുകയും അവർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്.

ലിറ്ററി ക്ലബ്, ഫോട്ടോഗ്രാഫി ക്ലബ്, ജേർണലിസം ക്ലബ്, കൂട്ടിനൊരിടം, വിവിധ ഭാഷാ ക്ലബുകൾ, അലുംകാസ് തുടങ്ങി നിരവധി പദ്ധതികൾ കോളേജിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം പരിശോധിച്ച് അക്രഡിറ്റേഷൻ നൽകുന്ന സ്ഥാപനമാണ് NAAC. കാരന്തൂരിലെ മർകസ് കാമ്പസിൽ പ്രവർത്തിക്കുന്ന മർകസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസും NAAC അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള ഒരുക്കത്തിലാണ്. കോളേജ് മാനേജ്മെന്റും അക്കാദമിക് ഡയറക്ടറേറ്റും പ്രിൻസിപ്പളുടെ നേതൃത്വത്തിൽ കോളേജ് അധ്യാപകരും ഒത്തൊരുമിച്ച് അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പരിശ്രമത്തിലാണ്.

## ഗ്ലോക്കൽ ഡെവലപ്പർ സമ്മിറ്റിന് സമാപനം; വെർച്ച്വൽ റിയാലിറ്റിയുടെ സാധ്യതകളുടെ ലോകം തുറന്ന് ജി.ഡി.എസ്

കോഴിക്കോട്: ജാമിഅ മദീനതുന്നൂർ മീഡിയ ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച ഗ്ലോക്കൽ ഡെവലപ്പർ സമ്മിറ്റിന് സമാപനം. വെർച്ച്വൽ ലോകത്തെ നൂതന സാധ്യതകൾ ഉപയോഗപ്പെടുത്താൻ വളർന്ന് വരുന്ന ഡവലപ്പേഴ്സിന് സാധിക്കണമെന്ന് സമ്മിറ്റ് ആവശ്യപ്പെട്ടു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡാറ്റ സയൻസ്, വെബ് ഡെവലപ്പ്മെന്റ്, ആപ്പ് ഡവലപ്മെന്റ്, സോഫ്റ്റ്‌വെയർ എൻജിനീയറിംഗ് തുടങ്ങി നൂതന സങ്കേതങ്ങളുടെ പഠനവും പ്രായോഗിക പരിശീലനവും സമ്മിറ്റിൽ നടന്നു.

ജാമിഅ റെക്ടർ ഡോ. എ.പി. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരിയുടെ അദ്ധ്യക്ഷതയിൽ മർകസ് നോളജ് സിറ്റി സി ഇ ഒ ഡോ. അബ്ദുൽ സലാം ദ്വിദിന സമ്മിറ്റ് ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി ജി.ഡി.എസ്. പവലിയനിൽ സജ്ജീകരിച്ച റോബോട്ടിക് എക്സ്പോയിൽ ഇ.വി.ത്രീ റോബോട്ട്, ഡ്രോൺ, എ ഐ ബോട്ട്സ് തുടങ്ങി റോബോട്ടിക്സ് രംഗത്തെ ട്രെന്റുകളുടെ പ്രദർശനവും വർക്കിംഗ് മോഡൽ പരിശീലനവും നടന്നു.

അബ്ദുൽ ഹകീം (സീനിയർ ടെക്നികൽ ലീഡ്, വോൾവോ ഐ.ടി. ബാംഗ്ലൂർ), അഭിഷേക് ഭാസ്കരൻ (ചീഫ് റോബോടിക് എഞ്ചിനീയർ, ഇവോൾവ് റോബോട്ടിക്സ്), അബൂബക്കർ സിദ്ദീഖ് (സീനിയർ ആപ്പ് ഡെവലപ്പർ, ടെക്സോൾ), ഡോ.അബ്ദു റഊഫ് (സി.ഇ.ഒ. മീം എഡ്ടെക്), അബ്ദുൽ ഫത്താഹ് (എ.ഐ/ എം.എൽ. റിസർച്ച് ഇന്റേൺ), ജാബിർ മുഹ്‌യദ്ദീൻ (സിക്സ്, യുഐ/ യുഎക്സ് ഡിസൈനർ) തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

സമാപന സെഷനിൽ ആസഫ് നൂറാനി, അബൂസാലിഹ് സഖാഫി, ജലാൽ നൂറാനി, അബൂബക്കർ നൂറാനി, ഉനൈസ് അസ്ഹരി തുടങ്ങിയവർ പങ്കെടുത്തു. സമ്മിറ്റ് ചീഫ് ഓർഗനൈസർ ഫത്താഹ് അബ്ദുസ്സലാം സ്വാഗതവും കൺവീനർ ഉബൈദ് ഉമർ നന്ദിയും പറഞ്ഞു.



നാസർ കുന്നുമ്മൽ

# കരിയർ ലൈറ്റ്

2022 സ്ഫടികത്തിന്റെ വർഷമായി ഐക്യരാഷ്ട്ര സംഘടന ആചരിക്കുകയാണ്. ഇന്ന് നാം ഏറ്റവുമധികം സ്പർശിക്കുന്ന പ്രതലം ഏതെന്നു ചോദിച്ചാൽ ഗ്ലാസ് ആണെന്ന് പറയേണ്ടി വരും. സ്മാർട്ട് ഫോണുകളുടെ വരവോടെ എല്ലാവരും ഗ്ലാസ് പ്രതലവുമായി ഇണങ്ങിച്ചേർന്നിരിക്കുന്നു.

വിവര സാങ്കേതിക വിദ്യയുടെയും ഇന്റർനെറ്റ് അധിഷ്ഠിതമായ വ്യാപാരത്തിന്റെയും ആണിക്കല്ലായ ഒപ്റ്റിക്കൽ ഫൈബറുകളും ആഹാരപദാർഥങ്ങൾ മുതൽ ജീവൻരക്ഷാമരുന്നുകൾ വരെ സൂക്ഷിക്കാൻ അവയുമായി പ്രതിപ്രവർത്തനം നടത്താതെ ഗ്ലാസ് നമ്മെ സഹായിക്കുന്നു. സോളാർ സെല്ലുകൾ, ബഹിരാകാശ ദൗത്യങ്ങൾ, ആധുനിക കലാസൃഷ്ടികൾ എന്നിവയിലെല്ലാം ഗ്ലാസ് ഒഴിച്ചുകൂടാനാകാത്ത ഘടകമാണ്. നമ്മുടെ ജീവിതത്തിലും ഭാവിയിലും ഗ്ലാസിന്റെ പ്രാധാന്യം കണക്കിലെടുത്താണ് ഐക്യരാഷ്ട്രസഭ 2022നെ ഗ്ലാസിന്റെ വർഷമായി തീരുമാനിക്കുന്നത്. ഭാവി അറിഞ്ഞ് കരിയർ കെട്ടിപ്പടുക്കാൻ ഇതൊരു നല്ല ഓർമ്മപ്പെടുത്തലാണ്.

## ഗ്ലാസ് ഉപയോഗിച്ചുള്ള ഭാവി സാധ്യതകൾ

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മുന്നേറ്റമാണ് ഇന്റർനെറ്റിന്റെയും വിവിധ സാങ്കേതികവിദ്യകളുടെയും നട്ടെല്ലായ ഒപ്റ്റിക്കൽ ഫൈബറുകളുടെ കണ്ടെത്തലുകൾ. ശുദ്ധമായ സിലിക്കയിൽ ജർമനിയം പോലെയുള്ള മൂലകങ്ങൾ ചേർത്ത് പരുവപ്പെടുത്തിയ ഗ്ലാസ് നാരുകൾ വഴി പ്രകാശകിരണങ്ങൾ അയച്ച് ആശയവിനിമയം നടത്താൻ കഴിയുന്ന ഒപ്റ്റിക്കൽ ഫൈബർ ടെക്നോളജി ഇല്ലാത്ത ഒരു ലോകം സങ്കൽപ്പിക്കാൻ കഴിയില്ല. ഫൈബർ ഒപ്റ്റിക്സ് പിതാവായി അറിയപ്പെടുന്നത് ഇന്ത്യൻ അമേരിക്കൻ ഭൗതികശാസ്ത്രജ്ഞനായ നരീന്ദ്രൻ സിംഗ് കബാനിയാണ്. മനുഷ്യ സംസ്കാരത്തിൻറെ ചരിത്രത്തോളം പഴക്കമുള്ള ഗ്ലാസ് മനുഷ്യന്റെ ഭാവിയും നിർണയിക്കുന്നു. ലോക ജനസംഖ്യക്ക് തുല്യമായ എണ്ണം ഉപകരണങ്ങളിൽ ഗോറില്ല ഗ്ലാസ് ഉള്ളതായി കോണിങ് കമ്പനി അവകാശപ്പെടുന്നു. ഇലക്ട്രോണിക്സ്, വാഹന നിർമ്മാണ, ടെലികോം മേഖലയിലെല്ലാം ഗ്ലാസിന്റെ ഉപയോഗം ഏറിവരുന്നു. വെർച്ചൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, സ്മാർട്ട് സ്ക്രീനുകൾ എന്നിവയിലെല്ലാം ഗ്ലാസിന്റെ പ്രാധാന്യം വർധിച്ചുകൊണ്ടിരിക്കുന്നു. ഗ്ലാസിൽ ഇലക്ട്രോണിക് സർക്യൂട്ടുകൾ ചേർത്ത് ലഭ്യമാക്കുന്ന സ്മാർട്ട് വാച്ചുകളുടെയും സ്മാർട്ട് ഗ്ലാസുകളുടെയും പ്രചാരം ഇനിയുമേറെ വർദ്ധിക്കും. കൂടാതെ ടച്ച് സ്ക്രീൻ കമ്പ്യൂട്ടറുകൾ, ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ, 3D സാങ്കേതികവിദ്യ എന്നിവയുടെ ഉപയോഗവും വർദ്ധിക്കുമെന്നാണ് പഠനങ്ങൾ പറയുന്നത്. അതോടൊപ്പം ക്യാമറകൾ, മൈക്രോസ്കോപ്പുകൾ, ടെലിസ്കോപ്പുകൾ എന്നിങ്ങനെ ഗ്ലാസിന്റെ ഉപയോഗം ഭൂമിയും കടന്നു പോകുന്ന ഒന്നാണ്.

## ഒപ്റ്റിക്കൽ ഫൈബർ പഠന സാധ്യതകൾ.

ടെക്നിക്കൽ രംഗത്തെ വിദ്യാർത്ഥികൾക്ക് (ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനീയറിങ്, ഇലക്ട്രിക്കൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി ആൻഡ് ഫിസിക്സ്) ഇൻഡസ്ട്രി എന്റർപ്രെണേഴ്സിനും, കൂടാതെ ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് ഫീൽഡ് ലെവൽ വർക്കിനായി ഒപ്റ്റിക്കൽ ഫൈബർ ടെക്നീഷ്യൻ ആകാൻ സാധാരണ ഉദ്യോഗാർഥികൾക്ക് ഉപകരിക്കുന്ന രീതിയിൽ Swayam-Mook പ്ലാറ്റ്ഫോമിൽ ഓൺലൈൻ, ഓഫ്‌ലൈൻ കോഴ്സുകൾ ലഭ്യമാണ്. ASAP Kerala ഫൈബർ നെറ്റിക്ക് മേഖലകളിൽ സ്കിൽ കോഴ്സുകൾ നൽകിവരുന്നു. രാജ്യത്തെ പ്രമുഖ യൂണിവേഴ്സിറ്റികളിലും ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലും ആഡോൺ കോഴ്സുകൾ ആയി ഒപ്റ്റിക്കൽ ഫൈബർ കോഴ്സുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് www.careerprayanam.com

# മർകസ് നോളജ് സിറ്റിയിൽ വിപുലമായ മാനുസ്ക്രിപ്റ്റ് പദ്ധതിക്ക് തുടക്കമായി



കോഴിക്കോട്: മലൈബാർ ഫൗണ്ടേഷനു കീഴിൽ മർകസ് നോളജ് സിറ്റിയിൽ വിപുലമായ മാനുസ്ക്രിപ്റ്റ് പദ്ധതിക്ക് തുടക്കമായി. മലബാറിന്റെ പൈതൃക സംരക്ഷണം, സാംസ്കാരിക ധൈഷണിക പഠനം എന്നിവ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിക്കുന്നത്. നോളജ് സിറ്റി എക്സിബിഷൻ സെന്ററിൽ വെച്ച് നടന്ന അറബി മലയാള സാഹിത്യ ചർച്ചയുടെ ഭാഗമായി നടന്ന പ്രത്യേക ചടങ്ങിൽ മർഹൂം ഉണ്ണീൻ കുട്ടി മൊല്ലയുടെ കൈപ്പടയിൽ എഴുതിയ മൗലിദ് ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ കുടുംബം മർകസ് നോളജ് സിറ്റി മാനേജിങ് ഡയറക്ടർ ഡോ. അബ്ദുൽ ഹക്കീം അസ്ഹരിക്ക് നൽകി പദ്ധതിക്ക് സമാരംഭം കുറിച്ചു. മർകസ് നോളജ് സിറ്റിയിൽ നിർമ്മാണം പുരോഗമിക്കുന്ന കൾച്ചറൽ സെന്ററിന്റെ ഭാഗമായ മലൈബാർ ഹെറിറ്റേജ് ലൈബ്രറിയിലാവും മാനുസ്ക്രിപ്റ്റ് പദ്ധതി പുരോഗമിക്കുക. അറബി, മലയാളം, ഉറുദു, പേർഷ്യൻ, അറബി മലയളാം, അറബിത്തമിഴ് തുടങ്ങിയ ഭാഷകളിൽ എഴുതപ്പെട്ട പതിനായിരത്തോളം അമൂല്യ കൃതികളും, രേഖകളുമാവും മാനുസ്ക്രിപ്റ്റ് പദ്ധതിയുടെ ഭാഗമായി ശേഖരിക്കുക.

വിവിധ അന്തർദേശീയ മാനുസ്ക്രിപ്റ്റ് ലൈബ്രറികളുമായും, സർവ്വകലാശാലകളുമായും സഹകരിച്ചാവും മാനുസ്ക്രിപ്റ്റ് പദ്ധതി മുന്നോട്ടു പോവുക. പദ്ധതിയുടെ ഭാഗമായി ലോകോത്തര നിലവാരമുള്ള ഹെറിറ്റേജ് ലൈബ്രറി കൂടി ഒരുങ്ങുന്നുണ്ട്. ഡിജിറ്റൽ ആർക്കൈവ്സ്, ഹെറിറ്റേജ് ജേർണൽ, ഗവേഷണ പുസ്തകങ്ങൾ, അക്കാദമിക് സെമിനാർ, ഹെറിറ്റേജ് ശില്പശാലകൾ ആരംഭിക്കുമെന്ന് മലൈബാർ ഫൗണ്ടേഷൻ പ്രധിനിധികൾ അഭിപ്രായപ്പെട്ടു. പൊതുജന പങ്കാളിത്തത്തോടെ ആരംഭിക്കുന്ന ഈ പദ്ധതിയിലേക്ക് മാനുസ്ക്രിപ്റ്റുകൾ നൽകാനുള്ള അവസരം കൂടിയുണ്ട്.

## മർകസ് യൂനാനി മെഡിക്കൽ കോളജ് 21 – 22 വർഷത്തെ സ്റ്റുഡൻസ് യൂണിയൻ പ്രഖ്യാപിച്ചു

കോഴിക്കോട്: മർകസ് നോളജ് സിറ്റിയിൽ പ്രവർത്തിക്കുന്ന മർകസ് യുനാനി മെഡിക്കൽ കോളജ് 2021-22 വർഷത്തെ വിദ്യാർത്ഥി യൂണിയൻ നിലവിൽ വന്നു. 'ഒപ്പം 2k21' എന്ന ശീർഷകത്തിൽ നടന്ന സംഗമത്തിൽ മാധ്യമ പ്രവർത്തകനും വാർത്ത അവതാരകനുമായ അഭിലാഷ് മോഹനൻ വിദ്യാർത്ഥി യൂണിയൻ ഉദ്ഘാടനം നിർവഹിച്ചു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ആവിഷ്കാരങ്ങൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി Harceon – The campus pulse എന്ന പേരിൽ ആവിഷ്കരിച്ച വിവിധയിനം കർമ്മ പദ്ധതികൾ ചടങ്ങിൽ പ്രഖ്യാപിച്ചു. യുനാനി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഷെയ്ഖ് ഷാഹുൽ ഹമീദ് അദ്ധ്യക്ഷത വഹിച്ചു. മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. OKM അബ്ദുറഹ്മാൻ കീനോട്ട് അവതരിപ്പിച്ചു. പൊതു സമൂഹത്തിന് ആരോഗ്യകരമായ ജീവിതശൈലി സാധ്യമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി നിർമിച്ച 'Harceon – the healthy enlightenment' വെബ്സൈറ്റ് ലോഞ്ചിങ് മർകസ് ഗ്രീസ് വാലി മാനേജിംഗ് ഡയറക്ടർ ഡോ. മുഹമ്മദ് ശരീഫ് നിർവഹിച്ചു.

മർകസ് നോളജ് സിറ്റി CAO അഡ്വ. തൻവീർ, മർകസ് നോളജ് സിറ്റി CCC ഇബ്രാഹിം സഖാഫി താത്തൂർ, ഇംതിബിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ശാഹുൽ ഹമീദ്, ഗ്രീസ് വാലി റിസർച്ച് ഓഫീസർ ഡോ. മുസമ്മിൽ ഉനൈസ്, മർകസ് ലോ കോളജ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഹമ്മദ് രിഫാഇ, ഡോ. മുഹമ്മദ് അസ്ഹരി, ഡോ. ഉസ്മാൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ചെയർമാൻ: മുജ്തബ അമീൻ, കൺവീനർ: അലി ഹസ്സൻ ശദ്ദാദ്, വൈസ് ചെയർപേഴ്സൺ: ശൈഖ കുഞ്ഞുമോൻ, ഹസ്ന ഇബ്രാഹീം, ജോയിന്റ് സെക്രട്ടറി: റിഫ മറിയം, ആർട്സ് സെക്രട്ടറി: നഹ്മ ഷെറിൻ, സ്പോർട്സ് സെക്രട്ടറി: മുസ്സഫിർ അഹ്മദ്, യു.യു.സി: സിനാൻ സി, മാഗസിൻ എഡിറ്റർ: സഹൽ അബ്ദുല്ല എന്നിവരാണ് പുതിയ നേതൃത്വം. പുതിയ ഭാരവാഹികളെ മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുൽ ഹക്കിം അസ്ഹരി അനുമോദിച്ചു.

## ആദിവാസി കോളനിയിൽ വസ്ത്രങ്ങളെത്തിച്ച് മർകസ് ആർട്സ് കോളജ് വിദ്യാർത്ഥികൾ



കുന്നമംഗലം: ദുരിതം അനുഭവിക്കുന്ന വയനാട് നാരങ്ങക്കണ്ടി ആദിവാസി കോളനിയിൽ മർകസ് കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ നാഷണൽ സർവ്വീസ് സ്കീം ആഭിമുഖ്യത്തിൽ വസ്ത്ര വിതരണം നടത്തി. കോളജിലെ വിദ്യാർത്ഥികൾ മുഖേന ശേഖരിച്ച ഇരുന്നൂറോളം വസ്ത്രങ്ങളാണ് വിതരണം ചെയ്തത്. കൂടാതെ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ സമ്മാനമായി നൽകുകയും ചെയ്തു.

ജോസഫ് ടി.ജെ, അബ്ദുസ്സലാം, സി.പി ഫസൽ അമീൻ, എൻ.എസ്.എസ് കോളജ് യൂണിറ്റ് സെക്രട്ടറി മുഹമ്മദ് ഉനൈസ്, മുഹമ്മദ് ജുറൈസ് യു.കെ, ആദിശരീഫ്, മുജ്തബ അമീൻ, വി മുഹമ്മദ് നജീം നേതൃത്വം നൽകി.

---

# ഓസ്മക് ഡേ പൂർവവിദ്യാർഥി സംഗമം സംഘടിപ്പിച്ചു




കാരന്തൂർ: മർകസ് ആർട്സ് കോളജിൽ നിന്ന് പഠിച്ച് പുറത്തിറങ്ങിയ 35 വർഷത്തെ പൂർവ വിദ്യാർഥികളുടെ കൂട്ടായ്മയായ, 'ഓസ്മക് 'പൂർവ വിദ്യാർത്ഥി അധ്യാപക സംഗമം ഇമ്മിക്സ് 2021 സംഘടിപ്പിച്ചു. കാരന്തൂർ മർകസ് ആർട്സ് കോളേജ് ക്യാമ്പസിൽ നടന്ന പരിപാടി കേരള ഹജ്ജ് കമ്മിറ്റി ചെയർമാനും മർകസ് ജനറൽ മാനേജറുമായ സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മർകസ് ചാൻസലർ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി.

MARKAZ ALUMNI
infinite possibilities

### മർകസ് അലുംനൈ

ഉദ്ഘാടന സെഷൻ, ബാക്ക് ടു ക്ലാസ് റൂം, നൊസ്റ്റാൾജിയ, ഓസ്മക് ടോക്ക്, ഇയർ പ്ലാനിങ്, മിഷൻ അലുംനി എന്നീ സെഷനുകൾക്ക് അഡ്വ. എ കെ ഇസ്മായിൽ വഫ, വാക്കത്ത് അബ്ദുൽ ലത്തീഫ് മുസ്‌ലിയാർ, അഡ്വ: ബിവിഎം റാഫി, ഖാജാ മുഹ്‌യദ്ദീൻ സഖാഫി, ഇബ്രാഹിം സഖാഫി താത്തൂർ, ഡോ.അബൂബക്കർ പത്തംകുളം, ഡോ. അബൂബക്കർ നിസാമി, ഷൗക്കത്തലി, ജബ്ബാർ നരിക്കുനി, മുസ്സമ്മിൽ തങ്ങൾ നേതൃത്വം നൽകി. സയ്യിദ് സബൂർ തങ്ങൾ അവേലം അധ്യക്ഷനായിരുന്നു. പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, ജി അബൂബക്കർ മാസ്റ്റർ, ഉസ്മാൻ മുസ്‌ലിയാർ മണ്ടാളിൽ, സി കെ മുഹമ്മദ് ഇരിങ്ങണ്ണൂർ ആശംസകൾ അറിയിച്ചു. നാസർ പാണ്ടിക്കാട് സ്വാഗതവും ശരീഫ് പെരുവള്ളൂർ നന്ദിയും പറഞ്ഞു.



മർകസിൽ നിന്നുള്ള തത്സമയ വാർത്തകൾക്കും വീഡിയോകൾക്കും ക്യൂആർ കോഡ് സ്കാൻ ചെയ്യുക




2021 എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ മർകസ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടെ അനുമോദനച്ചടങ്ങ് എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.

# ഫാത്തിമാബി സ്കൂളിൽ ഔഷധസസ്യ ഉദ്യാനമൊരുക്കി വിദ്യാർത്ഥികൾ




മുക്കം: കൂമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് സപ്തദിന ക്യാമ്പിനോടനുബന്ധിച്ച് വളണ്ടിയർമാർ സ്കൂൾ കാമ്പസിൽ വിപുലമായ ഔഷധസസ്യ ഉദ്യാനമൊരുക്കി. 35ഓളം ഔഷധസസ്യങ്ങളാണ് കാമ്പസിൽ വെച്ചു പിടിപ്പിച്ചത്. പരിപാടി സർവ സുഗന്ധി ചെടി നട്ട് വനം വകുപ്പ് പീടികപ്പാറ സെഷൻ ഫോറസ്റ്റ് ഓഫീസർ എ പ്രസന്നകുമാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ കെ. അബ്ദുന്നാസർ അധ്യക്ഷനായി. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ വി.കെ അബ്ദുസ്സലാം, സ്റ്റാഫ് സെക്രട്ടറി എ.എം ബിന്ദുകുമാരി, കെ.കെ അബ്ദുൽ ജമാൽ, പി.എസ് മുഹമ്മദ് സുബിൻ, ദിവ്യജോസ്, വളണ്ടിയർ ക്യാപ്റ്റൻ മിസ്ബാഹുൽ ഹഖ്, വളണ്ടിയർമാരായ റമിൽ വാസിം, പി.വി ആൽഫി, ജോസ് മാർട്ടിൻ, ആദിലബാനു, ആർദ്ര ബെന്നി, കെ. മുഹമ്മദ് ഹാഷിം നേതൃത്വം നൽകി.

# അഖില കേരള അറബിക് ലൈവ് എക്സ്റ്റംബർ വിജയികളെ പ്രഖ്യാപിച്ചു

പൂനൂർ: ലോക അറബിക് ഭാഷാ ദിനത്തോടനുബന്ധിച്ച് ജാമിഅ മദീനതുന്നൂർ അറബിക് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച അഖില കേരള അറബിക് ലൈവ് എക്സ്റ്റംബർ സമാപിച്ചു. മുഹമ്മദ് ശിബിലി (ഇമാം സാലിം അക്കാദമി വാലില്ലാപുഴ), അബ്ദുൽ ഹഫീസ് (ജാമിഅ സഅദിയ്യ കാസർകോട്), മുഹമ്മദ് റഈസ് (ദാറുൽ ഹുദ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി ചെമ്മാട്) എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം കരസ്ഥമാക്കി.

ജാമിഅ മദീനതുന്നൂർ അറബിക് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഒരാഴ്ച്ചയായി നടന്നു വരുന്ന അറബിക് വാരാഘോഷം 'മഹർജാനു ളാദ്' ക്യാമ്പയിന്റെ ഭാഗമായാണ് മത്സരം സംഘടിപ്പിച്ചത്. ക്യാമ്പയിനോടനുബന്ധിച്ച് അറബിക് ജൽസ, മുനാളറ, സൂഖ്, ദിൽമജാസ് എക്സിബിഷൻ, ടാബ്ലോയിഡ് ക്രിയേഷൻ തുടങ്ങി വ്യത്യസ്ത പരിപാടികൾ നടന്നു.

ജാമിഅ മദീനതുന്നൂർ പ്രോ റെക്ടർ ആസഫ് നൂറാനി, ഡിപ്പാർട്ട്മെന്റ് ഹെഡ് ഉനൈസ് നുസ്‌രി, സ്വാദിഖ് അദനി, ഫായിസ് സഖാഫി എന്നിവർ വിജയികൾക്ക് ക്യാഷ് പ്രൈസ് സമ്മാനിച്ചു.





മലപ്പുറം കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ് ചെയർമാനായി മർകസ് കമ്മിറ്റി എക്സിക്യൂട്ടീവ് മെമ്പർ പി. മുഹമ്മദ് യൂസുഫ് നിയമിതനായി.

അഭിനന്ദനങ്ങൾ

# ഇഹ്‌യാഉസ്സുന്ന പുതിയ നേതൃത്വം



പ്രസിഡണ്ട്
സയ്യിദ് ശിഹാബുദ്ധീൻ ബുഖാരി



ജനറൽ സെക്രട്ടറി
ഹാഫിള് ഫാഇസ് കൊടിയത്തൂർ



ഫിനാൻസ് സെക്രട്ടറി
സുഹൈൽ കൂഫ

## ജാമിഅ മദീനത്തുന്നൂർ അക്കാദമിക് ഉപദേശകനായി
# ഡോ. അനിൽ സേഥി ചുമതലയേറ്റു



പൂനൂർ: പ്രൊഥാമ ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മാനേജിംഗ് ട്രസ്റ്റിയുമായ ഡോ. അനിൽ സേഥി പൂന്നൂർ ജാമിഅ മദീനത്തുന്നൂർ അക്കാദമിക് ഉപദേശകനായി ചുമതലയേറ്റു. ജാമിഅ റെക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരിയുടെ അധ്യക്ഷതയിൽ ചേർന്ന അക്കാദമിക് കൗൺസിൽ മീറ്റിംഗിലാണ് തീരുമാനം.

ബെംഗളൂരുവിലെ അസിം പ്രേംജി സർവ്വകലാശാല, ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയ്നിംഗ് എന്നിവയടക്കം ഇന്ത്യ, യു.കെ, ജപ്പാൻ എന്നിവിടങ്ങളിലെ നിരവധി സർവ്വകലാശാലകളിൽ അദ്ദേഹം സേവനമുഷ്ഠിച്ചിട്ടുണ്ട്. NCERT പ്രസിദ്ധീകരിച്ച വിവിധ ചരിത്രപാഠ പുസ്തകങ്ങൾ അനിൽ സേഥി തയ്യാറാക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. കോമൺ വെൽത്ത് ഫെല്ലോ ആയിരുന്ന അനിൽസേഥി കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലായിരുന്നു പി.എച്ച്.ഡി പൂർത്തീകരിച്ചത്. ടോക്യോ യൂണിവേഴ്സിറ്റി ഓഫ് ഫോറിൻ സ്റ്റഡീസിൽ അദ്ദേഹം സെന്റർ ഫോർ എക്സലൻസ് ഫെല്ലോ ആയിരുന്നു.

# ഡോ. യു കെ മുഹമ്മദ് ശരീഫിനെ ആദരിച്ചു




കോഴിക്കോട്: കേരള മെഡിക്കൽ കൗൺസിൽ ബോർഡ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട ടൈഗ്രീസ് വാലി മാനേജിങ് ഡയറക്ടർ ഡോ. ഹാഫിസ് യു കെ മുഹമ്മദ് ശരീഫിനെ ആദരിച്ചു. കേരള മെഡിക്കൽ കൗൺസിലിന് കീഴിലുള്ള ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലിലെ യുനാനി പ്രതിനിധിയായും സ്ക്രൂട്ടിനി കമ്മിറ്റിയിൽ അംഗവുമായുമാണ് ഡോ. ശരീഫ് തെരഞ്ഞെടുക്കപ്പെട്ടത്. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹെൽത്ത് കെയർ റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച 'പ്രമേഹ രഹിത കേരളം' ഏകദിന പരിശീലന ശിൽപശാലയിൽ വെച്ച് മുൻ ആരോഗ്യ മന്ത്രിയും മട്ടന്നൂർ എം.എൽ.എയുമായ കെ.കെ ശൈലജ ടീച്ചർ സ്നേഹോപഹാരം നൽകി. ചടങ്ങിൽ ഡോ. എ പി ശാഹുൽ ഹമീദ്, ഡോ. ഒ കെ എം അബ്ദുറഹ്മാൻ, ഡോ മണികണ്ഠൻ, ഡോ യു മുജീബ്, മുഹമ്മദ് അബ്ദുസ്സലാം എന്നിവർ സംബന്ധിച്ചു.

## മർകസ് നോളജ് സിറ്റിയിൽ മാനുസ്ക്രിപ്റ്റുകളുടെ
# ഡിജിറ്റലൈസേഷൻ ആരംഭിച്ചു



കോഴിക്കോട്: മർകസ് നോളജ് സിറ്റിയിലെ ഗവേഷണ പഠന വിഭാഗമായ മലൈബാർ ഫൗണ്ടേഷൻ ഫോർ റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ കീഴിൽ ആരംഭിച്ച മാനുസ്ക്രിപ്റ്റ് ശേഖരണ പദ്ധതിയുടെ ഭാഗമായി പഴയ കാല കയ്യെഴുത്ത് പ്രതികൾ ഡിജിറ്റലൈസ് ചെയ്യാനാരംഭിച്ചു. മലൈബാർ ഫൗണ്ടേഷൻ ആസ്ഥാനത്ത് വെച്ച് നടന്ന ചടങ്ങിൽ മർകസ് നോളജ് സിറ്റി മാനേജിങ് ഡയറക്ടർ ഡോ. അബ്ദുൽ ഹകീം അസ്ഹരി പദ്ധതി ഉദ്ഘാടനം ചെയ്തു.

മർകസ് നോളജ് സിറ്റിയെ ഒരു സുപ്രധാന വൈജ്ഞാനിക കേന്ദ്രമാക്കുന്ന ലക്ഷ്യത്തോടെ നിരവധി വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം തന്നെ, വൈദ്യം, ശാസ്ത്രം, സാഹിത്യം, നിയമം, മതം, സാമൂഹിക ശാസ്ത്രം, സാംസ്കാരിക പഠനം എന്നിവയിൽ ഉന്നത ഗവേഷണം ആഗ്രഹിക്കുന്നവർക്ക് കൂടി പ്രയോജനപ്പെടുന്ന രൂപത്തിലാണ് ഇത്തരം പദ്ധതികൾ ആരംഭിച്ചത് എന്ന് ഡോ. അബ്ദുൽ ഹകീം അസ്ഹരി അഭിപ്രായപ്പെട്ടു. നിലവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച നിരവധി അമൂല്യ കൃതികളാവും ഡിജിറ്റലൈസ് ചെയ്യുക. ഉടനെ തന്നെ അവ ഗവേഷകർക്കും, മറ്റു പഠിതാക്കൾക്കും സൗകര്യപ്പെടുന്ന രൂപത്തിലേക്ക് ചിട്ടപ്പെടുത്തും എന്ന് മലൈബാർ ഫൗണ്ടേഷൻ അധികൃതർ പറഞ്ഞു. ചടങ്ങിൽ നിയാസ് പുളിക്കലകത്ത്, സി. എ മുഹമ്മദ് റാസിഖ്, ഡോ. അബ്ദുൽ സലാം, അഡ്വ. തൻവീർ ഉമർ എന്നിവർ സംബന്ധിച്ചു

# മെംസ് ഇന്റർനാഷണൽ സ്കൂൾ
## പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചു



കാരന്തൂർ: മെംസ് ഇന്റർനാഷണൽ സ്കൂളിലെ 2003 മുതൽ പഠിച്ചിറങ്ങിയ 19 ബാച്ച് വിദ്യാർത്ഥികളുടെ പൂർവ്വ വിദ്യാർത്ഥി സംഗമം പ്രൗഢമായി. കേരള ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസി സംഗമം ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ കലാം സിദ്ദീഖി അധ്യക്ഷത വഹിച്ചു. മർകസ് ഗ്രൂപ്പ് ഓഫ് സ്കൂൾ സി. ഇ. ഒ കെ. എം അബ്ദുൽ ഖാദർ സ്കൂൾ അസംബ്ലിക്ക് നേതൃത്വം നൽകി. പി. ടി. എ. പ്രസിഡന്റ് ഷൗക്കത്തലി, ഷഹീർ അസ്ഹരി, സി.കെ മുഹമ്മദ്, നസ്‌ലി സുഹൈൽ, ഡോ ശാഫി, മുഹമ്മദ് രിഫാഇ, ഹസീബ് അസ്ഹരി സംബന്ധിച്ചു.

# ഗാന്ധി ജയന്തി ദിനാഘോഷത്തിന്റെ ഭാഗമായി അഗ്നി രക്ഷാ സേനയ്ക്ക് സാനിറ്റൈസേഷൻ കിറ്റ് നൽകി

കൊയിലാണ്ടി: ഗാന്ധി ജയന്തി ദിനാഘോഷത്തിന്റെ ഭാഗമായി അഗ്നി രക്ഷാ സേനക്ക് കൊയിലാണ്ടി മർകസ് പബ്ലിക് സ്കൂൾ സാനിറ്റൈസേഷൻ കിറ്റ് സമ്മാനിച്ചു. സാനിറ്റൈസർ, പി.പി.ഇ കിറ്റ്, ഫേസ് ഷീൽഡ്, ഗ്ലൗസ്, മാസ്ക്, ഹാന്റ് വാഷ് തുടങ്ങിയ സാധനങ്ങളാണ് അഗ്നി സുരക്ഷാ സേനയുടെ സേവനങ്ങളെ ആദരിച്ചു കൊണ്ട് സ്കൂൾ അധികാരികൾ സമ്മാനിച്ചത്. മുനിസിപ്പൽ വൈസ് ചെയർമാൻ. അഡ്വക്കറ്റ് സത്യന്റെ സാന്നിദ്ധ്യത്തിൽ സ്കൂൾ പ്രിൻസിപ്പൽ അബ്ദുൽ മജീദ് ഇർഫാനി, മാനേജർ അബ്ദുൽ നാസർ കൊല്ലം, അബ്ദുൽ കരീം നിസാമി, സദഖത്ത്, നിസാർ എന്നിവർ ചേർന്ന് സ്റ്റേഷൻ ഓഫീസർ ശ്രീ. സി.പി. ആനന്ദന് കൈമാറി. ഇത്തരം പ്രവർത്തനങ്ങളിൽ മർകസ് സ്കൂൾ എന്നും മാതൃകയാണെന്നും അധ്യാപകരും, വിദ്യാർത്ഥികളും, മാനേജ്മെൻറും അഭിനന്ദനമർഹിക്കുന്നവെന്നും സി.പി ആനന്ദൻ പറഞ്ഞു. വിദ്യാർത്ഥികൾക്കുള്ള ഗാന്ധി ജയന്തി ദിന മൽസരങ്ങളുടെ ഭാഗമായി ഗാന്ധിജിയുടെ സംഭാവനകളെ അനുസ്മരിക്കുകയും വർത്തമാനകാല അവസ്ഥകൾ അറിയിക്കുകയും ചെയ്യുന്ന 'ബാപ്പുജിക്ക് സ്നേഹപൂർവ്വം' എന്ന കത്തെഴുത്ത് മത്സരവും, ഗാന്ധി സന്ദേശ വീഡിയോ മത്സരവും നടന്നു. ഗാന്ധി ജയന്തി ദിന പ്രത്യേക അസംബ്ലിയിൽ വിദ്യാർത്ഥികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു.



മുനിസിപ്പൽ വൈസ് ചെയർമാൻ. അഡ്വക്കറ്റ് സത്യന്റെ സാന്നിദ്ധ്യത്തിൽ സ്കൂൾ പ്രിൻസിപ്പൽ അബ്ദുൽ മജീദ് ഇർഫാനി, മാനേജർ അബ്ദുൽ നാസർ കൊല്ലം, അബ്ദുൽ കരീം നിസാമി, സദഖത്ത്, നിസാർ എന്നിവർ ചേർന്ന് കിറ്റ് സ്റ്റേഷൻ ഓഫീസർ സി.പി. ആനന്ദന് കൈമാറി.

# ഫുസ്താത്; വിദേശത്ത് എം.ബി.ബി.എസ് പഠനത്തിന് അവസരം

കോഴിക്കോട്: വിദേശത്ത് എം.ബി.ബി.സ് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഫുസ്താത് മർകസ് ഗാർഡൻ സെന്റർ ഫോർ ഓവർസീസ് എജ്യൂക്കേഷൻ പദ്ധതിക്ക് തുടക്കമായി. അന്താരാഷ്ട്ര യൂണിവേഴ്സിറ്റികളിൽ എം.ബി.ബി.എസ് ചെയ്യുന്നതോടൊപ്പം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മർകസ് ഹോസ്റ്റലുകളിൽ തർബിയ്യത്തോടെ താമസിച്ച് പഠിക്കാൻ അവസരമുണ്ട്. ലോഗോ പ്രകാശനം കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ നിർവഹിച്ചു. മർകസ് ജനറൽ മാനേജർ സി. മുഹമ്മദ് ഫൈസി, മർകസ് വൈസ് പ്രസിഡന്റ് കെ.കെ അഹ്മദ് കുട്ടി മുസ്ലിയാർ കട്ടിപ്പാറ, മദനീയം അബ്ദുൽലതീഫ് സഖാഫി, ആസഫ് നൂറാനി ലോഗോ പ്രകാശനച്ചടങ്ങിൽ സംബന്ധിച്ചു. വിദേശ മെഡിക്കൽ പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച അവസരമാണിതെന്ന് ഫുസ്താത് ഡയറക്ടർ ഡോ: എ.പി മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി അഭിപ്രായപ്പെട്ടു.



## മർകസ് അക്കാദമിക് പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ് ഡയറക്ടറായി ഡോ. മുഹമ്മദ് റോഷൻ നൂറാനി ചുമതലയേറ്റു.

മലയാളി മുസ്ലിംകൾക്കിടയിലെ തിരുനബി സ്നേഹത്തിന്റെ സമകാലിക ആവിഷ്കാരങ്ങളും മുസ്ലിം കർതൃത്വ രൂപീകരണവും തമ്മിലുള്ള ബന്ധത്തെ മുൻ നിർത്തി ഐ ഐ ടി മദ്രാസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസിലെ പ്രൊഫ. ആർ സന്തോഷിന്റെ കീഴിൽ നടത്തിയ ഗവേഷണത്തിന് ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. മലൈബാർ ഫൗണ്ടേഷൻ ഫോർ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഗവേഷണ വിഭാഗം ഡയറക്ടർ കൂടിയാണ് ഡോ. മുഹമ്മദ് റോഷൻ നൂറാനി.

# മലബാർ സമരം; ചരിത്ര സെമിനാർ സംഘടിപ്പിച്ചു



കുന്നമംഗലം: മലബാർ സമരം; ചെറുത്തുനിൽപ്പിന്റെ നൂറു വർഷങ്ങൾ എന്ന പ്രമേയത്തിൽ മർകസ് ശരിഅ സ്റ്റുഡൻസ് യൂണിയൻ ഇഹ്‌യാഉസ്സുന്ന ചരിത്ര സെമിനാർ സംഘടിപ്പിച്ചു.

മർകസ് ജനറൽ മാനേജർ സി. മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. ഡോ. ഹുസൈൻ രണ്ടത്താണി, ഡോ. പി.പി അബ്ദുറസാഖ്, ഡോ. ശിവദാസൻ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വി.പി.എം ഫൈസി വില്യാപള്ളി, ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, മുഖ്താർ ഹസ്റത്ത്, ബഷീർ സഖാഫി കൈപ്പുറം, ഉനൈസ് കൽപകഞ്ചേരി, സയ്യിദ് ശിഹാബുദ്ധീൻ ബുഖാരി സംബന്ധിച്ചു.

ചടങ്ങിൽ മലബാർ സമര സ്മൃതികൾ ഉണർത്തുന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. ഇഹ്‌യാഉസ്സുന്ന ജനറൽ സെക്രട്ടറി ഫാഇസ് കൊടിയത്തൂർ സ്വാഗതവും മുഹമ്മദ് ടി.സി നന്ദിയും പറഞ്ഞു.

# പാസ്‌വേഡ് ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു

മുക്കം: സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ കരിയർ സംബന്ധിച്ച് അവബോധമുണ്ടാക്കുക, സിവിൽ സർവീസ് അടക്കമുള്ള പരീക്ഷകൾക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ കൂമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ സംഘടിപ്പിച്ച ദ്വിദിന പഠന ക്യാമ്പ് പാസ്‌വേഡ് കോഴിക്കോട് ഡെപ്യൂട്ടി കലക്ടർ മുഹമ്മദ് റഫീക്ക് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ കെ.അബ്ദുൾ നാസർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. പി. ഗവാസ് മുഖ്യപ്രഭാഷണം നടത്തി. കോഴിക്കോട് സി.സി.എം. വൈ. പ്രിൻസിപ്പാൾ ഡോ. പി.പി. അബ്ദുൾറസാക്ക് പ്രോഗ്രാം ബ്രീഫിംഗ് നടത്തി. കെ.എ.എസ് റാങ്ക് ജേതാവ് ബി.സി ബിജേഷ് മുഖ്യാതിഥിയായിരുന്നു. കേരള സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് പി.പി. അബ്ദുറഹിമാൻ സ്പോർട്സ് അക്കാദമി ലോഞ്ചിങ്ങ് നടത്തി. മർകസ് അക്കാദമിക് എക്സിക്യൂട്ടീവ് ഡയറക്ടർ ഉനൈസ് മുഹമ്മദ്, ഹെഡ് മാസ്റ്റർ നിയാസ് ചോല, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്സ്.എസ്സ്. പ്രിൻസിപ്പൽ ലീന വർഗീസ്, കൂടരഞ്ഞി വില്ലേജ് ഓഫീസർ കെ. മണി എന്നിവർ ആശംസാ പ്രസംഗം നടത്തി.




ക്യാമ്പിൽ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കൊപ്പം കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടുമുക്കം സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളും പങ്കെടുത്തു. വിദ്യാ കിരണം പദ്ധതിയുടെ ഭാഗമായി sc/st വിഭാഗം കുട്ടികൾക്ക് വേണ്ടി സർക്കാർ നൽകിയ ലാപ്ടോപ്പുകളുടെ വിതരണം കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. പി. ഗവാസ് നിർവഹിച്ചു. പരിപാടിക്ക് ക്യാമ്പ് കോഡിനേറ്റർ നാസർ കുന്നുമ്മൽ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി എ. എം ബിന്ദു കുമാരി നന്ദിയും പറഞ്ഞു. അഡ്വ. മുഹമ്മദ് അനീസ്, ബി.സി. ബിജീഷ്, നിയാസ് ചോല, അലി അക്ബർ, നാസർ കുന്നുമ്മൽ, താലിസ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.




## അഡ്വ. സമദ് പുലിക്കാട് പ്രധാനമന്ത്രി ജൻവികാസ് സമിതി അംഗം

കോഴിക്കോട്: മർകസ് ലോ കോളജ് വൈസ് പ്രിൻസിപ്പൽ അഡ്വ. സമദ് പുലിക്കാടിനെ ന്യൂനപക്ഷ ക്ഷേമത്തിനു വേണ്ടിയുള്ള പ്രധാനമന്ത്രി അധ്യക്ഷനായ സമിതിയിൽ അംഗമായി നിയമിച്ചു. പതിനഞ്ചിന പദ്ധതികളുടെ നിർവഹണത്തിനും വിശകലനത്തിനും വേണ്ടി രൂപീകരിച്ച ജൻ വികാസ് കാര്യക്രമം കമ്മറ്റി അംഗമായാണ് അബ്ദുൽ സമദിനെ തിരഞ്ഞെടുത്തത്. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണി വികസനം എന്നീ മേഖലകളിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ വികസനത്തിനായുള്ളതാണ് സമിതി. പദ്ധതികളുടെ ആവിഷ്കരണവും നിർവഹണവുമാണ് കമ്മറ്റിയുടെ ചുമതല. മൾടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിൽ നേരത്തെ നടന്നുവന്ന പദ്ധതികളുടെ ചുമതലയും പുതിയ കമ്മിറ്റിക്കാണ്. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ പ്രതിനിധിയായാണ് അഡ്വ. സമദിനെ നാമനിർദേശം ചെയ്തത്.

# അടൽടിങ്കറിങ് ലാബ് ഉദ്ഘാടനം ചെയ്തു

ബാലുശ്ശേരി: വിദ്യാർത്ഥികളിൽ ശാസ്ത്ര സാങ്കേതിക വിദ്യയിൽ നൂതന ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും കഴിവുകൾ സ്വായത്തമാക്കുന്നതിനും കേന്ദ്രസർക്കാർ സംരംഭമായ അടൽ ഇന്നൊവേറ്റീവ് മിഷൻ, നീതി ആയോഗ് കീഴിൽ അനുവദിക്കപ്പെട്ട അടൽ ടിങ്കറിങ് ലാബ് ബാലുശ്ശേരി മർകസ് പബ്ലിക് സ്കൂളിൽ മന്ത്രി അഹ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. എം.എൽ.എ കെ.എം സച്ചിൻദേവ് എ.ടി.എൽ കോൺഫറൻസ് ഹാളും ഉദ്ഘാടനം ചെയ്തു.
മർകസ് ജനറൽ മാനേജർ സി. മുഹമ്മദ് ഫൈസി, വാർഡ് അംഗം ഹരീഷ് നന്ദനം, ശാഹിർ അസ്ഹരി, പി.കെ അബ്ദുൽന്നാസർ സഖാഫി, പി.സി അബ്ദുറഹ്മാൻ, മാജിദ് സഖാഫി, ലിനീഷ് ഫ്രാൻസിസ്, ശറഫുദ്ദീൻ വെളിമണ്ണ, മുഹമ്മദ് ശരീഫ്, മജീദ് സഖാഫി, എം.ജി.എസ് ചീഫ് എജ്യുക്കേഷൻ ഓഫീസർ കെ.എം അബ്ദുൽ ഖാദർ സംസാരിച്ചു.
2019ൽ ലിഗോ ലീഗ് ചെന്നൈയിൽ സംഘടിപ്പിച്ച സംസ്ഥാനതല റോബോട്ടിക്സ് ചാമ്പ്യൻഷിപ്പിൽ വിജയികളായ ആഫിൽ ഹുസൈൻ, ഷാഹിൻ മുഹമ്മദ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.



ആന്ധ്രാപ്രദേശിൽ നടന്ന ദക്ഷിണമേഖലാ ജൂനിയർ ഷൂട്ടിംഗ്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ആൺകുട്ടികളുടെ കേരള ടീമിലെ അംഗങ്ങളായ മർകസ് പബ്ലിക് സ്കൂൾ ഐക്കരപ്പടിയിലെ വിദ്യാർത്ഥികൾ മുഹമ്മദ് ഇർഫാൻ സി (ടീം വൈസ് ക്യാപ്റ്റൻ), മുഹമ്മദ് അഫ്സൽ കെ.എൻ, മുഹമ്മദ് ജിശാൽ റാസി




കോഴിക്കോട് സബ് ജില്ലാ ശാസ്ത്രോത്സവത്തിൽ മികച്ച വിജയം നേടിയ മർകസ് ഇന്റർനാഷണൽ സ്കൂൾ എരഞ്ഞിപ്പാലം വിദ്യാർത്ഥികൾ



കോഴിക്കോട് ജില്ലാ ടഗ് വാർ ഓഫ് അസോസിയേഷൻ സംഘടിപ്പിച്ച ടഗ് ഓഫ് വാർ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ മർകസ് പബ്ലിക് സ്കൂൾ കൈതപ്പൊയിൽ ടീം

# ലീഗൽ ലിറ്ററസി മിഷൻ പ്രവർത്തനമാരംഭിച്ചു




താമരശ്ശേരി: മർകസ് നോളജ് സിറ്റിയിൽ പ്രവർത്തിക്കുന്ന മർകസ് ലോ കോളേജിന് കീഴിൽ ലീഗൽ ലിറ്ററസി മിഷൻ പ്രവർത്തനമാരംഭിച്ചു. കേരള ഹൈക്കോടതി ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ് ഉദ്ഘാടനം നിർവഹിച്ചു. രണ്ട് പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ സമ്പൂർണ നിയമ സാക്ഷരത ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. നോളജ് സിറ്റി ഡയറക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി, സി.ഇ.ഒ ഡോ. അബ്ദുൽ സലാം, പ്രിൻസിപ്പൽ ഡോ. അൻജു എൻ. പിള്ള, വൈസ് പ്രിൻസിപ്പൽ അഡ്വ. സമദ് പുലിക്കാട് പങ്കെടുത്തു.

## വേർപാടുകളുടെ വർഷം



**പി മുഹമ്മദ് മാസ്റ്റർ**
മർകസ് ഹെയർ സെക്കണ്ടറി സ്കൂൾ പ്രഥമ ഹെഡ് മാസ്റ്റർ



**അബൂബക്കർ**
മർകസ് സെക്യൂരിറ്റി സ്റ്റാഫ്



**ഇബ്രാഹീം പി.കെ**
മർകസ് സെക്യൂരിറ്റി സ്റ്റാഫ്



യു.എ.ഇ അമ്പതാം വാർഷിക ദിനത്തിൽ ഡൽഹി യു.എ.ഇ എംബസി സംഘടിപ്പിച്ച പ്രോഗ്രാമിൽ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ പങ്കെടുക്കുന്നു.



2021 വർഷത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി മർകസ് ഗേൾസ് ഹയർസെക്കണ്ടറി സംഘടിപ്പിച്ച ചടങ്ങ് അഡ്വ. പി.ടി.എ റഹീം എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.







മലേഷ്യൻ ഹൈക്കമ്മീഷണർ ഹിദായത്ത് അബ്ദുൽ ഹാമിദ്, ബ്രൂണൈ ഹൈക്കമ്മീഷണർ അലാഉദ്ദീൻ മുഹമ്മദ് താഹ, ലിബിയ എംബസി ചാർജ് ഡി അഫയർ അഹ്മദ് എച്ച്.എം ഗബ്രിയേൽ എന്നിവർക്ക് മർകസിൽ സ്വീകരണം നൽകിയപ്പോൾ



മർകസിന് കീഴിൽ ആരംഭിച്ച മീൻവളർത്തൽ പദ്ധതിയുടെ ആദ്യഘട്ട ഉദ്ഘാടനം സയ്യിദ് ശറഫുദ്ധീൻ ജമലുല്ലൈലി നിർവഹിക്കുന്നു.



മാലിദ്വീപ് കാലാവസ്ഥാ നിരീക്ഷണ വകുപ്പ് മന്ത്രി അഹ്മദ് മുജ്തബ മർകസിൽ സന്ദർശനം നടത്തിയപ്പോൾ



ദുബൈ റസിഡൻസ് ആൻഡ് ഫോറിൻ അഫയേഴ്സ് വകുപ്പ് ജനറൽ ഡയറക്ടർ ജനറൽ മുഹമ്മദ് അഹ്മദ് അൽ മാരിയുമായി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ കൂടിക്കാഴ്ച നടത്തുന്നു.




മർകസ് അലുംനിയുടെ The Most Iconic Tribute പുരസ്കാരം സി. മുഹമ്മദ് ഫൈസിക്ക് മൂന്നാമത് കോൺക്ലേവ് എഡിഷനിൽ വെച്ച് കൈമാറുന്നു.




**ആകർഷകമായ കമ്മീഷൻ വ്യവസ്ഥയിൽ ഏജൻസികളെ ക്ഷണിക്കുന്നു**

# ഇനി നിങ്ങളുടെ കുടുംബവും ആരോഗ്യമുള്ളതാവട്ടെ!!

**ആരോഗ്യകരമായ ജീവിതത്തിന് നിങ്ങളുടെ വീട്ടിൽ *മർകസ് ആരോഗ്യം* ഉറപ്പുവരുത്തൂ.**

ഒറ്റപ്രതി 30 രൂപ
വാർഷിക വരിസംഖ്യ 360 രൂപ

**വരിചേരാൻ വാട്സപ്പ് ചെയ്യൂ 9207 515 786**

markaz
AROGYAM
monthly


2nd Floor, Markaz Complex Annex, IG Road,
Puthiyara PO, Kozhikode- 673 004, Kerala, India
+91 9207 515 786 arogyam@markaz.in